بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാള്യം 1

# ബദർ

വീക്കിലി ഖാദിയാൻ

The weekly **BADAR** Qadian Malayalam

ലക്കം 29

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 സെപ്റ്റംബർ 22/ഹി:ശം:1395 തബൂക് 22/ഹി:ഖ: 1437 ദുൽഹജ്ജ് 19


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 2016 ആഗസ്റ്റ് 19ന് മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടനിൽ ജുമുഅ ഖുത്ബ നിർവഹിച്ചു.അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരിഹീ.

**നബി(സ)തിരുമേനി ബലാൽക്കാരമായി ഇസ്ലാംദീനിനെ പ്രചരിപ്പിച്ചിട്ടില്ല. ഭീഷണിപ്പെടുത്തി ഇസ്ലാമിനെ വിശ്വസിപ്പിക്കാനല്ല വാളെടുത്തത്. പ്രതിരോധനത്തിനുവേണ്ടിയായിരുന്നു ആ യുദ്ധങ്ങൾ. കാരണം മക്കനിഷേധികൾ വാളുകൊണ്ട് ആക്രമണം നടത്തി ഇസ്ലാമിനെ നശിപ്പിക്കാൻ ആഗ്രഹിച്ചപ്പോൾ സ്വന്തം സംരക്ഷണത്തിനായി വാളെടുക്കുകയല്ലാതെ മറ്റൊരു നിർവാഹവുമില്ലായിരുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ചോദ്യം (2):** ഹുദൂറെ ആലി നൂറുകണക്കിന് എന്നല്ല ആയിരക്കണക്കിന് സ്ഥലത്ത് നബി(സ)തിരുമേനി മതം പ്രചരിപ്പിക്കുന്നതിനുവേണ്ടി വാളെടുത്തിട്ടില്ലെന്ന് എഴുതിയിട്ടുണ്ട്. എന്നാൽ, അബ്ദുൽ ഹക്കീം ഖാനെഴുതിയ കത്തിൽ നബി(സ)തിരുമേനി ഇസ്ലാം ദീനിലേക്ക് വിളിക്കുന്നതിനുവേണ്ടി ഭൂമിയിൽ രക്തപ്പുഴ ഒഴുക്കിയിട്ടുണ്ടെന്നെഴുതി. ഇതിന്റെ ഉദ്ദേശ്യമെന്താണ്?

**മറുപടി:** നബി(സ)തിരുമേനി ബലാൽക്കാരമായി ഇസ്ലാം ദീനിനെ പ്രചരിപ്പിച്ചിട്ടില്ലെന്നും ഭീഷണിപ്പെടുത്തി ഇസ്ലാമിനെ വിശ്വസിപ്പിക്കാനല്ല വാളെടുത്തതെന്നും ഞാൻ ഇപ്പോഴും പറയുന്നു. മറിച്ച് അതിൽ രണ്ടു കാര്യങ്ങൾ അടങ്ങിയിരുന്നു. (1) ഒന്ന് പ്രതിരോധനത്തിനുവേണ്ടിയായിരുന്നു ആ യുദ്ധങ്ങൾ. കാരണം മക്കനിഷേധികൾ വാളുകൊണ്ട് ആക്രമണം നടത്തി ഇസ്ലാമിനെ നശിപ്പിക്കാൻ ആഗ്രഹിച്ചപ്പോൾ സ്വന്തം സംരക്ഷണത്തിനായി വാളെടുക്കുകയല്ലാതെ മറ്റെന്തു നിർവാഹമായിരുന്നു ഉണ്ടായിരുന്നത്? (2) രണ്ടാമത്തേത് ഈ യുദ്ധത്തിന് ഒരു കാലംമുമ്പേ ഈ റസൂലിനെ വിശ്വസിക്കാത്തവരുടെമേൽ അല്ലാഹു ശിക്ഷ ഇറക്കുമെന്ന് വിശുദ്ധ ഖുർആനിൽ പ്രവചനവുമുണ്ടായിരുന്നു. അത് ആകാശത്തുനിന്നാകാം, അല്ലെങ്കിൽ ഭൂമിയിൽനിന്നാകാം; ചിലരുടെ വാളിന്റെ രുചി ചിലരെ രുചിപ്പിക്കുക! ഇപ്രകാരംതന്നെ ഈ വിഷയം സംബന്ധിച്ച് മറ്റു പ്രവചനങ്ങളുമുണ്ടായിരുന്നു. അത് അതിന്റെ നേരത്ത് പുലരുകയുണ്ടായി. അതുകൊണ്ട് ഞാൻ അബ്ദുൽഹക്കീം ഖാനെഴുതിയ ആ കത്തിലുള്ള എന്റെ ഉദ്ദേശ്യം റസൂലിനെ വിശ്വസിക്കുന്നത് അനാവശ്യമാണെങ്കിൽ സത്യനിഷേധികളുടെ രക്തമൊഴുക്കിക്കൊണ്ട് അല്ലാഹു ഈ റസൂലിനുവേണ്ടി എന്തിന് ഈ ധാർമികരോഷം കാണിച്ചുവെന്നതായിരുന്നു. ഇസ്ലാം പ്രചരിപ്പിക്കുന്നതിനുവേണ്ടി ബലാൽക്കാരം ചെയ്തിട്ടില്ലെന്നത് സത്യമാണ്. എന്നാൽ, ആരാണോ ഈ റസൂലിനെ കളവാക്കുകയും നിഷേധിക്കുകയും ചെയ്യുന്നത് അവർ ശിക്ഷകൊണ്ട് നശിപ്പിക്കപ്പെടുമെന്ന് വിശുദ്ധ ഖുർആനിൽ വാഗ്ദാനമുണ്ടായിരുന്നു. അതുകൊണ്ട് അവർക്ക് ശിക്ഷ കൊടുക്കാൻ ഈ പദ്ധതി മുന്നിൽവന്നു; അതായത് ആ സത്യനിഷേധികൾ സ്വയം യുദ്ധം ചെയ്യാൻ മുന്നിട്ടിറങ്ങി. അപ്പോൾ ആരാണോ വാളെടുത്തത് അവർ വാളുകൊണ്ടുതന്നെ വധിക്കപ്പെട്ടു. റസൂലിനെ നിഷേധിക്കുക എന്നത് അല്ലാഹുവിന്റെ പക്കൽ നിസാരകാര്യമാകുകയും നിഷേധിച്ചാലും മോക്ഷം കിട്ടുകയും ചെയ്യുമായിരുന്നെങ്കിൽ ഈ ശിക്ഷ ഇറക്കേണ്ട ആവശ്യമെന്തായിരുന്നു. അതുല്യമായ നിലയിലാണ് അത് ലോകത്ത് ഇറങ്ങിയത്. അല്ലാഹു പറയുന്നു: *ഇൻയ്യക്കു കാദിബൻ ഫഅലയ്ഹി കദിബുഹൂ വഇൻയ്യക്കു സ്വാദിഖൻ യുസ്വിബ്ക്കും ബഅ്ളുല്ലദീ യഇദുക്കും*(40:29) അതായത് ഈ റസൂൽ കളവു പറയുന്ന ആളാണെങ്കിൽ സ്വയം നശിച്ചൊടുങ്ങുന്നതാണ്. ഇനി സത്യം പറയുന്ന ആളാണെങ്കിലോ നിങ്ങളെ സംബന്ധിച്ച് വാഗ്ദാനം ചെയ്തിട്ടുള്ള ശിക്ഷകളിൽ ചിലത് പു ലരുന്നതായിരിക്കും.[1]

ഇനി ചിന്തിക്കേണ്ടതാണ്. അല്ലാഹുവിന്റെ റസൂലിൽ വിശ്വസിക്കുന്നത് അനാവശ്യമാണെങ്കിൽ വിശ്വസിക്കാത്തവർക്ക് ശിക്ഷയുണ്ടാകുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ടതെന്തിനാണ്? ബലം പ്രയോഗിച്ച് ഇസ്ലാമിൽ പ്രവേശിപ്പിക്കുന്നതും വാളുകൊണ്ട് മുസ്ലിമാക്കുന്നതുമായ കാര്യം മറ്റൊന്നാണെന്ന് പ്രകടമാണ്. എന്നാൽ, സത്യവാനായ റസൂലിനെ നിഷേധിക്കുന്നവനേയും നേരിടുന്നവനേയും പീഢിപ്പിക്കുന്നവനേയും ശിക്ഷിക്കുന്നത് വേറെ കാര്യമാണ്. ശിക്ഷ കൊടുക്കുന്നതിന് ആരെങ്കിലും മുസ്ലിമാകണമെന്നത് നിബന്ധനയില്ല. മറിച്ച് നിഷേധത്തോടൊപ്പം പോരാടുന്നവനും നിർബന്ധമായും വധിക്കപ്പെടേണ്ടവനായി കഴിഞ്ഞിട്ടുള്ളവനും പിന്നീട് ഇസ്ലാം സ്വീകരിക്കുകയാണെങ്കിൽ ആ ശിക്ഷ മാപ്പാക്കപ്പെടുമെന്ന ഇളവും അവന് അല്ലാഹുവിൽനിന്നുണ്ട്. മറ്റൊരിടത്ത് അല്ലാഹു പറയുന്നു: *ഇന്നല്ലദീന കഫറൂ ബി ആയാത്തില്ലാഹി ലഹും അദാബുൻ ശ്ശദീദുൻ വല്ലാഹു അസീസുൻ ദുൻതിഖാം.* അതായത് ആരാണോ അല്ലാഹുവിന്റെ ആയത്തുകളെ നിഷേധിക്കുന്നത് അവർക്ക് കഠിനമായ ശിക്ഷയുണ്ട്. അല്ലാഹു അജയ്യനും ശിക്ഷ നല്കുന്നവനുമാണ്.(3:5) ഈ ആയത്തിലും സത്യനിഷേധികൾക്ക് ശിക്ഷ ലഭിക്കുമെന്ന വാഗ്ദാനമുണ്ട്. അതുകൊണ്ട് അവരുടെമേൽ ശിക്ഷ ഇറങ്ങേണ്ടത് നിർബന്ധമായിരുന്നു. അതിനാൽ അല്ലാഹു വാളുകൊണ്ടുള്ള ശിക്ഷ അവരിൽ നടപ്പിൽ വരുത്തി. പിന്നീട് വിശുദ്ധ ഖുർആനിൽ ഒരിടത്ത് പറയുന്നു: *ഇന്നമാ ജസാഉല്ലദീന യുഹാരിബൂനല്ലാഹ വ റസൂലഹൂ വ യസ്ഔന ഫിൽഅർളി ഫസാദൻ അൻ യുഖത്തലൂ ഔ യുസ്വല്ലബൂ ഔ തുഖത്ത്വഅ അയ്ദീഹിം വ അർജുലുഹും മിൻ ഖിലാഫിൻ ഔ യുൻഫൗ മിനൽഅർളി ദാലിക്ക ലഹും ഖിസ്‌യുൻ ഫിദ്ദുൻയാ വലഹും ഫിൽആഖിറത്തി അദാബുൻ അളീം* അല്ലാഹുവിനോടും അവന്റെ ദൂതനോടും യുദ്ധം ചെയ്യുകയും നാട്ടിൽ കുഴപ്പമുണ്ടാക്കുന്നതിനായി യത്നിക്കുകയും ചെയ്യുന്നവർക്കുള്ള ശിക്ഷ, അവരെ വധിക്കുകയോ ക്രൂശിക്കുകയോ അല്ലെങ്കിൽ അവരുടെ കൈകാലുകൾ വ്യത്യസ്ത ഭാഗത്തുനിന്ന് ഛേദിച്ചു കളയുകയോ നാട്ടിൽനിന്ന് പുറത്താക്കുകയോ ചെയ്യുക മാത്രമാണ്. അത് അവർക്ക് ഇഹലോകത്ത് അപമാനകരമായിരിക്കും. പരലോകത്തും അവർക്ക് കഠിന ശിക്ഷയുണ്ടാകും.(5:34)അല്ലാഹുവിന്റെ പക്കൽ നമ്മുടെ റസൂൽകരീം(സ)നെ എതിർക്കുന്നതും അദ്ദേഹത്തിനെതിരെ പോരാടുന്നതും നിസാരമായ കാര്യമാണെങ്കിൽ ഏകദൈവവിശ്വാസികളായ അത്തരം നിഷേധികളുടെ(യഹൂദികളെപ്പോലെ) നിഷേധവും പോരാട്ടവും കാരണത്താൽ ഇത്രമാത്രം കഠിനമായ ശിക്ഷ അതായത് പല രീതിയിലുള്ള ശിക്ഷകൾകൊണ്ട് മരണശിക്ഷ നല്കുന്നതിനുവേണ്ടി അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ എന്തിനാണ് അത്തരം കല്പന എഴുതിയിട്ടുള്ളത്? എന്തിനാണ് ഇത്രമാത്രം കഠിനശിക്ഷ നല്കപ്പെട്ടത്? കാരണം ഇരുഭാഗത്തും ഏകദൈവവിശ്വാസികളായിരുന്നു. ഈ ഭാഗത്തും ആ ഭാഗത്തും. ഒരു സംഘത്തിലും ഒരു മുശ്‌രിക്കുമുണ്ടായിരുന്നില്ല. എന്നിട്ടും യഹൂദികളുടെമേൽ ഒട്ടും കരുണ ഉണ്ടായില്ല. ആ ഏകദൈവവിശ്വാസികൾ കേവലം നിഷേധവും റസൂലിന്നെതിരിലുള്ള പോരാട്ടവും കാരണത്താൽ വളരെ മോശമായി വധിക്കപ്പെട്ടു. എത്രത്തോളമെന്നാൽ ഒരിക്കൽ[2] 10000 യഹൂദി ഒരൊറ്റ ദിവസം വധിക്കപ്പെടുകയുണ്ടായി. വാസ്തവത്തിൽ അവർ തങ്ങളുടെ ദീനിന്റെ സംരക്ഷണത്തിന് നിഷേധിക്കുകയും പോരാടുകയുമാണ് ചെയ്തത്. തങ്ങളുടെ ഭാവനയിൽ പക്ക ഏകദൈവവിശ്വാസികളും ദൈവത്തെ ഏകനായി വിശ്വസിക്കുന്നവരുമായിരുന്നു.

അതേ, ഇക്കാര്യം തീർച്ചയായും ഓർമ വെക്കുക!ആയിരക്കണക്കിന് യഹൂദി വധിക്കപ്പെട്ടു എന്നതിൽ സംശയമില്ല. എന്നാൽ, അവർ മുസ്ലിമാകാത്തതുകൊണ്ടല്ല വധിക്കപ്പെട്ടത്. മറിച്ച് അല്ലാഹുവിന്റെ റസൂലിനെ നേരിട്ടു എന്ന ഒറ്റക്കാരണത്താലാണ്. അതുകൊണ്ട് അവർ അല്ലാഹുവിന്റെ പക്കൽ ശിക്ഷയ്ക്കർഹരായി. വെള്ളംപോലെ അവരുടെ രക്തം ഭൂമിയിൽ ഒഴുക്കപ്പെട്ടു. അതുകൊണ്ട് തൗഹീദ് മാത്രം മതിയായിരുന്നെങ്കിൽ യഹൂദികളുടെ ഒരു കുറ്റവുമുണ്ടായിരുന്നില്ല. അവരും ഏകദൈവവിശ്വാസികളായിരുന്നു. നിഷേധവും റസൂലിനെ നേരിട്ടതും കാരണത്താൽമാത്രം എന്തുകൊണ്ട് അവർ അല്ലാഹുവിന്റെ പക്കൽ ശിക്ഷയ്ക്കർഹരായി.

(റൂഹാനീ ഖസായിൻ വാള്യം 22 ഹഖീഖത്തുൽ വഹ്യ് പേജ് 159-162)

---

1. ബഅ്ള് എന്നപദം സ്വീകരിക്കപ്പെട്ടിരിക്കുന്നത് ഭീഷണമായ പ്രവചനങ്ങൾ അത് അതേപോലെ മുഴുവനും പൂർത്തിയാകണമെന്നില്ല എന്നതുകൊണ്ടാണ്. എന്നല്ല ബഅ്ളിന്റെ പര്യവസാനം മാപ്പുകൊടുത്തുകൊണ്ടും അവസാനിക്കാവുന്നതാണ്.

2.യഹൂദി ഗോത്രമായ ബനൂഖുറയ്ളയിലെ ഒറ്റ ദിവസം വധിക്കപ്പെട്ട യുവാക്കളുടെ എണ്ണം ചരിത്രത്തിൽ വിവിധ രീതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചിലർ 400, ചിലർ 700, ചിലർ 800, ചിലർ 900 വും എഴുതിയിട്ടുണ്ട്. അതിനെക്കാൾ കൂടുതൽ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും നിവേദനവും ഉണ്ടാകാം. അതുകൊണ്ട് മനസ്സിലാകുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇവിടെ 1000 എന്നെഴുതിയത് കാത്തിബ് 10000 എന്ന് മനസ്സിലാക്കിയതാകാം. ഈ പേജിന്റെ അവസാന വരിയിൽ ആയിരക്കണക്കിനെന്നു പറഞ്ഞിട്ടുള്ളത് വിവിധ യുദ്ധങ്ങളിലും വിവിധ അവസരങ്ങളിലും വധിക്കപ്പെട്ടിട്ടുള്ളമൊത്തം യഹൂദികളുടെ കണക്കാണ്. വല്ലാഹു അഅ്ലമു ബിസ്സ്വവാബ്(മുസഹ്ഹിഹ്)


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

# ഹദ്റത്ത് ഉമ്മുഹബീബഃ(റ)

*(അമത്തുൽബാരി നാസിർ രചിക്കുകയും ലജ്ന ഇമായില്ലാഹ് പാക്കിസ്താൻ കുട്ടികൾക്കായി പ്രസിദ്ധീകരിക്കുകയും ചെയ്ത ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് ഉമ്മുഹബീബഃ റദിയല്ലാഹു അൻഹാ എന്ന ലഘുകൃതിയോടു കടപ്പാട്)*

*(കഴിഞ്ഞ ലക്കം തുടർച്ച.......)*

അതങ്ങനെതന്നെ സംഭവിച്ചു. ഉഹുദു, അഹ്സാബ് തുടങ്ങിയ യുദ്ധങ്ങളിൽ അബൂസുഫിയാൻ ശത്രു സൈന്യത്തിന്റെ സേനാധിപതിയായിരുന്നു. ഈ വിവാഹത്തിനുശേഷം സന്ധിശ്രമങ്ങളിൽ വ്യാപൃതനായി കാണാൻ തുടങ്ങി.

ഹബ്ശയിലേക്കുള്ള ഹിജ്റത്തിനെ സംബന്ധിച്ചാണ് പറഞ്ഞു വന്നത്. അത് നടന്നത് പ്രവാചകത്വത്തിന്റെ 5-ാം വർഷമായിരുന്നു. നുബുവ്വത്ത് അഥവാ പ്രവാചകത്വത്തിനുശേഷം 13 വർഷം നബി(സ)മക്കയിൽ താമസിച്ചു. പിന്നീടു മക്കയിൽനിന്ന് ഹിജറ ചെയ്യാൻ നിർബന്ധിതനായി. അങ്ങനെ നബി(സ) മദീനയിൽ വന്നു.

ഇനിയങ്ങോട്ടു പറയാൻപോകുന്നത് ഹിജ്റത്തിനു ശേഷമുള്ള സംഭവങ്ങളാണ്. ഹിജ്റത്തിനു ശേഷം മദീനയിലെ അവസ്ഥകൾ മുമ്പേയുള്ളതിനെ അപേക്ഷിച്ച് സമാധാനപരമായിരുന്നു. അതുകൊണ്ടു നബി(സ) പ്രബോധന പരിപാടികൾക്കു ആക്കം കൂട്ടി. ആ പരിപാടികളിലൊന്ന് ഇസ് ലാമിലേക്കു ക്ഷണിച്ചുകൊണ്ട് രാജാക്കന്മാർക്കു കത്തെഴുതുക എന്നതായിരുന്നു. ഹിജ്റ 7-ാം വർഷമാണ് ആ കത്തുകൾ എഴുതിയത്.

ഒരു കത്ത് ഹബ്ശയിലെ രാജാവായ അസ്ഹമഃ നജ്ജാശിക്കും അയച്ചു കൊടുത്തു. രാജാവ് നബി(സ)തിരുമേനിയുടെ കത്ത് ബഹുമാനപുരസരം കണ്ണുകളിൽ മുട്ടിക്കുകയും ഇസ്ലാം സ്വീകരിക്കുകയും ചെയ്തു.[10] ഈ കത്ത് നബി(സ) ഹദ്റത്ത് അംറ് ബിൻ ഉമയ്യഃ അദ്ദമരിയ(റ)യുടെ കൈയിലാണ് കൊടുത്തയച്ചത്. അതിനോടൊപ്പം വ്യക്തിപരമായ ഒരു കത്തും കൊടുത്തയച്ചിരുന്നു. തന്റെ നിക്കാഹ് അബൂസുഫിയാന്റെ മകൾ ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുമായി നടത്താനും അതിൽ നബി(സ)പറഞ്ഞിരുന്നു. മറ്റൊന്ന് എഴുതിയിരുന്നത് ദീർഘകാലമായിട്ട് ഹബ്ശയിൽ കഴിയുന്ന ഹദ്റത്ത് ജഅ്ഫർ ബിൻ അബീത്വാലിബിനേയും അദ്ദേഹത്തിന്റെ സ്നേഹിതന്മാരേയും തിരിച്ചയക്കാനുള്ള ഏർപാടുചെയ്യുക എന്നതായിരുന്നു.

അസ്ഹമ നജ്ജാശീ നബി(സ)യുടെ രണ്ടു കല്പനകളും പാലിച്ചു. ഉടൻ നിക്കാഹിനുള്ള ഒരുക്കങ്ങൾ തുടങ്ങി. ആദ്യം ഹദ്റത്ത് ഉമ്മുഹബീബഃ(റ)യോടു, നബി(സ)തിരുമേനിയുടെ കത്തു വന്നിട്ടുണ്ട് അതിലിങ്ങനെ എഴുതിയിരിക്കുന്നു, നിങ്ങളുടെ അഭിപ്രായം എന്താണെന്ന് ചോദിച്ചു.

ഹദ്റത്ത് ഉമ്മുഹബീബഃ(റ) ആ ധന്യമായ മുഹൂർത്തം സ്മരിച്ചുകൊണ്ടു പറയുന്നു: “ഇദ്ദ പൂർത്തിയായതേ ഉണ്ടായിരുന്നുള്ളു, എന്റെ വീട്ടുപടിക്കൽ നജ്ജാശീ രാജാവിന്റെ ദൂതൻ വന്ന് അകത്തുവരാൻ അനുവാദം ചോദിച്ചു. അബ്റഹഃ (ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ ഭൃത്യ, വസ്ത്രങ്ങളുടേയും എണ്ണയുടേയും മറ്റും ഏർപാടു ചെയ്തിരുന്നത് ഈ ഭൃത്യയായിരുന്നു) എന്റെയടുക്കൽ വന്നു പറഞ്ഞു: ‘നബി(സ)തിരുമേനി, നിങ്ങളുടെ നിക്കാഹ് താനുമായി നടത്താൻ തനിക്കെഴുതിയിരിക്കുന്നതായി രാജാവ് പറഞ്ഞയച്ചിരിക്കുന്നു. നിങ്ങൾക്കു സന്തോഷവാർത്തയും അറിയിച്ചിട്ടുണ്ട്. നിങ്ങളുടെ വക്കീലായി ആരെയെങ്കിലും നിശ്ചയിക്കാനും പറഞ്ഞിട്ടുണ്ട്.’[11]

ഹദ്റത്ത് ഉമ്മുഹബീബഃ(റ)യ്ക്ക് ആ സന്ദേശം കേട്ടപ്പോൾ അതിരറ്റ സന്തോഷമുണ്ടായി. ഹദ്റത്ത് ഉമ്മുഹബീബഃ(റ) ഹദ്റത്ത് ഖാലിദ് ബിൻ സഈദ് ബിൻ അൽആസിനെ വിളിപ്പിച്ചു. അദ്ദേഹത്തെ തന്റെ വക്കീലായി നിശ്ചയിച്ചു. അല്ലാഹുവിന് നന്ദി പറയുകയും സന്ദേശമെത്തിച്ച ഭൃത്യയ്ക്ക് സന്തോഷംകൊണ്ട് വെള്ളിയുടെ രണ്ടുവളയും, ഒരു ബ്രേസ്ലറ്റും, തന്റെ കൈയിലുണ്ടായിരുന്ന എല്ലാ മോതിരങ്ങളും സമ്മാനമായി നല്കുകയും ചെയ്തു.[12]

വൈകുന്നേരം നജ്ജാശി ഹദ്റത്ത് ജഅ്ഫർ(റ) ബിൻ അബീത്വാലിബിനേയും എല്ലാ മുസ്ലീംകളേയും വിളിപ്പിച്ചു. എല്ലാവരും എത്തിക്കഴിഞ്ഞപ്പോൾ അവരെ സംബോധനചെയ്തു: ‘രാജാവും എല്ലാ ന്യൂനതകളിൽനിന്നും കുറവുകളിൽനിന്നും പരിശുദ്ധനും സമാധാനസമ്രാട്ടും അഭയദാതാവും പ്രതാപവാനും ആദരമുടയവനും പൊട്ടിയതിനെകൂട്ടി യോജിപ്പിക്കുന്നവനുമായ അല്ലാഹുവിനാകുന്നു എല്ലാ മഹത്വവും. അല്ലാഹുവിനെക്കൂടാതെ ഒരാരാധ്യനുമില്ലെന്നും മുഹമ്മദ് അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. ഈസാ (അ) സുവാർത്ത അറിയിച്ച ആൾ തന്നെയാണ് മുഹമ്മദു(സ). അമ്മാ ബഅ്ദ് തന്റെ നിക്കാഹ് ഉമ്മു ഹബീബയുമായി നടത്താൻ നബി(സ) എനിക്കു കത്തെഴുതിയിരിക്കുന്നു. നബി(സ)യുടെ കല്പന പാലിക്കാനാണ് ഞാനിവിടെ നില്ക്കുന്നത്. മഹ്ർ ആയിട്ട് 400 ദീനാർ ഉമ്മുഹബീബയ്ക്കു നല്കാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു.’ പിന്നീടു നജ്ജാശീ ആ ദീനാറുകൾ ജനങ്ങളുടെ മുമ്പിൽവച്ചു. വധുവിന്റെ വക്കീലായ ഖാലിദ് ബിൻ സഈദ് ഇങ്ങനെ സംബോധന ചെയ്തു: ‘സർവസ്തുതിയും അല്ലാഹുവിനാകുന്നു. ഞാൻ അവന്റെ മഹത്വം വാഴ്ത്തുന്നു. ഞാൻ എന്റെ എല്ലാ പ്രവർത്തിയിലും അവന്റെ സഹായവും തുണയും തേടുന്നു. അല്ലാഹുവിനെക്കൂടാതെ ഒരാരാധ്യനുമില്ലെന്നും മുഹമ്മദു(സ) അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യംവഹിക്കുന്നു. അല്ലാഹു, നബി(സ)തിരുമേനിയെ സന്മാർഗവും സത്യദീനും നല്കി, ആ ദീനിനെ മുഴുലോകത്തും വിജയിപ്പിക്കുന്നതിനുവേണ്ടി അയച്ചിരിക്കുന്നു; അന്യാരാധകർ വെറുത്താലും വേണ്ടില്ല. അമ്മാ ബഅ്ദ്, അല്ലാഹുവിന്റെ റസൂലിന്റെ ആഗ്രഹത്തിന് ഞാൻ ലബ്ബയ്ക്ക് പറയുന്നു. ഉമ്മുഹബീബയെ ഞാൻ നബി(സ)യ്ക്ക് നിക്കാഹ് ചെയ്തുകൊടുക്കുന്നു. അല്ലാഹു ഈ നിക്കാഹിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ.’ പിന്നീട് ഹദ്റത്ത് ഖാലിദ് ബിൻ സഈദ്(റ) വധുവിന്റെ മഹ്ർ സ്വീകരിച്ചു.

ഹദ്റത്ത് ഉമ്മുഹബീബഃ(റ) പറയുന്നു: ‘പണം എനിക്കു കിട്ടിയപ്പോൾ നിക്കാഹിനെ സംബന്ധിച്ച് എന്നെ സന്തോഷവാർത്ത അറിയിച്ച അബ്റഹയെ ഞാൻ വിളിച്ചു. ഞാൻ അവളോടു പറഞ്ഞു: ‘നീ എന്നെ സന്തോഷവാർത്ത അറിയിച്ചപ്പോൾ എന്റെ കൈയിലുണ്ടായിരുന്നതെല്ലാം ഞാൻ നിനക്കു നല്കിയിരുന്നു. അന്ന് രൊക്കം പണമൊന്നും ഉണ്ടായിരുന്നില്ല. നിന്റെ ആവശ്യത്തിനായി നീ ഈ 50 ദീനാർ എടുത്തുകൊള്ളുക.’ പക്ഷേ, അബ്റഹഃ അതു വാങ്ങിയില്ല. പിന്നീടു ഞാൻ എന്റെ പെട്ടി തുറന്നു. അതിലായിരുന്നു നജ്ജാശി തന്ന പണമെല്ലാം ഉണ്ടായിരുന്നത്. അതെല്ലാം ഞാനവൾക്കു കൊടുത്തു. എന്നാൽ, നിങ്ങളുടെ ഈ തുകയിൽ ഒരു കുറവും വരുത്തരുതെന്ന് രാജാവ് തന്നോടു കല്പിച്ചിട്ടുണ്ടെന്ന് പറഞ്ഞ് അവൾ അതും വാങ്ങിയില്ല.......നിങ്ങൾ നബി(സ) തിരുമേനിക്കു എന്റെ സലാം എത്തിച്ചാൽ മാത്രം മതി. നബി(സ) തിരുമേനിയോടു പറയുക, അബ്റഹഃ ഇസ്ലാമിനെ നെഞ്ചോടു ചേർത്തു പിടിച്ചിരിക്കുന്നുവെന്ന്.’[13]

ഈ നിക്കാഹ് നടന്നത് ഹിജ്റ വർഷം മുഹർറം ഏഴിന്നായിരുന്നു. അതായത് ക്രിസ്ത്വബ്ദം 628 മെയ് മാസത്തിൽ. ആ സമയത്ത് ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ പ്രായം 30 ൽ കുറച്ചു അധികമായിരുന്നു.[14] നിക്കാഹ് നടന്ന് കുറച്ചു കഴിഞ്ഞപ്പോൾ ഹിജറ ചെയ്തുവന്ന എല്ലാവരും മദീനയിലേക്കു പോകാൻ ഒരുക്കം തുടങ്ങി. നജ്ജാശി(റ), ഹദ്റത്ത് ഉമ്മുഹബീബഃ(റ)യേയും അവരോടൊപ്പം അയക്കാൻ ഏർപാടു ചെയ്തു. അവർക്കു സമ്മാനങ്ങൾ നല്കി. ഹദ്റത്ത് ശർജീൽ ബിൻ ഹസ്നഃ (റ)യുടെ മേൽനോട്ടത്തിൽ നബി(സ)തിരുമേനിയുടെ സന്നിധിയിലേക്ക് അവരെ യാത്രയാക്കി.[15]

അബ്റഹഃ, ഹദ്റത്ത് ഉമ്മുഹബീബഃ(റ)യോടു പറഞ്ഞു: ‘തങ്ങളുടെ കൈവശമുള്ള അത്തറുകളെല്ലാം നിങ്ങൾക്കുതരാൻവേണ്ടി രാജാവ് തന്റെ ഭാര്യമാരോടു കല്പിച്ചിരിക്കുന്നു.’ അങ്ങനെ അവർ തങ്ങളുടെ അത്തറുകളെല്ലാം ഹദ്റത്ത് ഉമ്മുഹബീബഃ(റ)യ്ക്കു നല്കി.

ഹദ്റത്ത് ഉമ്മുഹബീബഃ(റ)യോട് അബ്റഹഃയ്ക്കുണ്ടായിരുന്ന സ്നേഹം പറഞ്ഞറിയിക്കാൻ പറ്റുകയില്ല. അവർ ഹദ്റത്ത് ഉമ്മുഹബീബഃ(റ)യെ അത്യുത്സാഹത്തോടെ ഒരുക്കി. ഇടയ്ക്കിടെ പറഞ്ഞുകൊണ്ടിരുന്നു, എന്റെ സലാം നബി(സ)ക്കെത്തിക്കണേ! എന്റെ സലാം നബി(സ)ക്കെത്തിക്കണേ![16] മക്കയിൽനിന്ന് അങ്ങേയറ്റം പരിതാപകരമായ അവസ്ഥയിൽ ഹിജ്റ ചെയ്ത ഹദ്റത്ത് ഉമ്മുഹബീബഃ(റ) മദീനയുടെ തീരത്ത് അറേബ്യായിലെ രാജാവിന്റെ റാണിയായി ഇറങ്ങുകയാണ്. ഭാഗ്യവതിയായ ഈ വധുവിനെ മദീന സന്തോഷത്തോടെ വരവേറ്റത് വലിയ സന്തോഷഭരിതമായ ദിനങ്ങളിലായിരുന്നു. നബി(സ)തിരുമേനിയ്ക്കും സ്വഹാബത്തിനും ഖയ്ബറിന്റെ യജ്ഞത്തിൽ വിജയം ലഭിച്ചു. ഇസ്ലാമിനു ലഭിച്ച ഈ വിജയത്തിൽ നബി(സ) അതീവസന്തോഷവാനായിരുന്നു. നബി(സ) വിജയത്തോടും നിർവൃതിയോടുംകൂടി മദീനയിലേക്ക് മടങ്ങി വരുന്നു.[17]

ഹബ്ശഃയിൽനിന്നുള്ള സാർഥവാഹകസംഘം മദീനയിലെത്തി. ഉറ്റവരും ഉടയവരുമായി നീണ്ട 14 വർഷം പിരിഞ്ഞു നിന്നവരാണ് അവർ. അവരിൽ ചിലർ അനിയന്ത്രിതരായിക്കൊണ്ട് തങ്ങളുടെ എല്ലാമെല്ലാമായ അല്ലാഹുവിന്റെ റസൂലിനെ വരവേല്ക്കാൻ പട്ടണത്തിനു വെളിയിലേക്കു പാഞ്ഞപ്പോൾ, ഹദ്റത്ത് ഉമ്മുഹബീബഃ(റ) അതിനു കഴിയാതെ മദീനയിൽത്തന്നെ നിന്നു. ആ തിരക്കിന്നിടയിൽ നബി(സ)തിരുമേനി, ഹദ്റത്ത് ജഅ്ഫർ ബിൻ അബീത്വാലിബിനെ കണ്ടു. സന്തോഷംകൊണ്ട് മാറോടണച്ചു. നെറ്റിയിൽ മുത്തുകയും ചെയ്തു.[18]

ഈ വിവാഹത്തോടെ നബി(സ)തിരുമേനിയുടെ പരിശുദ്ധ ജീവിതത്തിന്റെ മറ്റൊരു വശം നമ്മു ടെ മുമ്പിൽ വരുന്നുണ്ട്. മുഴുലോകത്തിനും കാരുണ്യമായിട്ടാണ് നബി(സ)തിരുമേനിയെ അല്ലാഹു അയച്ചിട്ടുള്ളത്. ആരെങ്കിലും ദുഃഖിതരും നിരാശ്രയരുമായി കഴിയുന്നത് നബി(സ)ന് താങ്ങാൻ കഴിയുമായിരുന്നില്ല. വേദന പങ്കിടാൻ ആ മഹാത്മാവ് ഉത്സാഹം കാണിച്ചിരുന്നു. മുസ്ലീംകളോടുള്ള കർത്തവ്യങ്ങളെല്ലാം യുക്തിപൂർവം ഭംഗിയായി നിറവേറ്റിയിരുന്നു. ഏതെങ്കിലും മുസ്ലിം സ്ത്രീ തനിച്ചു കഴിയുകയോ പ്രത്യേകിച്ച് ഇസലാമിന്റെ പേരിൽ വിഷമങ്ങൾ സഹിക്കുന്നുവെന്ന് കേൾക്കുകയോ ചെയ്താൽ ആ സ്ത്രീയെ വിവാഹം കഴിക്കാൻ ഏതെങ്കിലും സ്വഹാബിയോടു നബി(സ) പറയുമായിരുന്നു. ലളിതമായ കാലഘട്ടമായിരുന്നു അത്. സങ്കോചങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. ഒരു സ്ത്രീയ്ക്ക് മേൽക്കൂരയുടേയും ഭർത്താവിന്റേയും സംരക്ഷണം ലഭിച്ചാൽ ഒരുപാടു പ്രശ്നങ്ങൾ ഒഴിവാക്കാൻ കഴിയും. ഏതെങ്കിലും സ്ത്രീ നന്മയിലും പദവിയിലും നബി(സ)യ്ക്ക് ചേരുകയാണെങ്കിൽ, നബി തന്നെ അവർക്കു ആശ്രയമാകുമായിരുന്നു. അബൂസുഫിയാന് തന്റെ മകൾ ഹദ്റത്ത് ഉമ്മുഹബീബഃ(റ)യെ സംബന്ധിച്ച് വലിയ അഭിമാനമുണ്ടായിരുന്നു. ഒരിക്കൽ പറഞ്ഞു: ‘എന്റെ വീട്ടിൽ അറേബ്യായിലെ സൗന്ദര്യവതികളും തരുണീമണികളുമുണ്ട്.’[19]

10. ഇബ്നു സഅ്ദ് വ സർഖാനീ വാല്യം 3 പേജ് 366.
11. ത്വബഖാത്ത് ഇബ്നുസഅ്ദ് വാല്യം 8 പേജ് 130,132.
12. ത്വബഖാത്ത് ഇബ്നുസഅ്ദ് വാല്യം 8 പേജ് 130.132.
13. ത്വബഖാത്ത് ഇബ്നുസഅ്ദ് വാല്യം 8 പേജ് 130.132.
14. അൽഫദ്ൽ 2003 ഒക്ടോബർ 31.
15. ഇബ്നുസഅ്ദ് അസ്വാജെ മുതഹ്ഹറാത്, അൽഫദ്ൽ 2003 ഒക്ടോബർ 31.
16. ത്വബഖാത്ത് ഇബ്നുസഅ്ദ് വാല്യം 8 പേജ് 132.
17. ഇബ്നുഹിശാം ശിബ്ലീ.
18. ഇബ്നുഹിശാം ശിബ്ലീ.
19. സയ്റുസ്സ്വഹാബിയാത് പേജ് 84.

# ഖുത്ബ ജുമുഅ

**അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ കഴിഞ്ഞയാഴ്ച യു.കെ.അഹ്മദിയ്യ ജമാഅത്തിന്റെ ജൽസ സാലാന സംഘടിപ്പിക്കുകയുണ്ടായി. ലോകത്തിന്റെ അവസ്ഥകൾ കാരണത്താൽ ഏറ്റവും കൂടുതൽ ചിന്തയുണ്ടായിരുന്നത് സുരക്ഷിതവും സമാധാനപരവുമായി ജൽസ നടത്തുക എന്നതായിരുന്നു. വളരെ നല്ല നിലയിൽ മൂന്നു ദിവസം കഴിയുകയും ജൽസ അവസാനിക്കുകയും ചെയ്തു. അൽഹംദുലില്ലാഹ്.**

**ഖലീഫത്തുൽ മസീഹിന്റെ സാന്നിധ്യം ഇവിടെയുള്ളതിനാൽ ബ്രിട്ടൺ അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസ ഒരു വിധത്തിൽ ഇന്റർനാഷണൽ ജൽസയായി തീർന്നിരിക്കുകയാണ്. സകല രാജ്യങ്ങളുടേയും പ്രതിനിധികൾ ഇവിടെ വരുന്നു. പക്ഷേ, ഇപ്രാവശ്യം ജൽസയുടെ സജ്ജീകരണങ്ങളുടേയും സന്നദ്ധ സേവകരുടേയും അടിസ്ഥാനത്തിലും അതിന് അന്താരാഷ്ട്രനില കൈവന്നിരിക്കുകയാണ്. സേവനം ചെയ്യാൻ പ്രവർത്തകർ വിവിധ രാജ്യങ്ങളിൽനിന്ന് വരുന്നു. അമേരിക്കയിലെ ഭൂരിഭാഗം ഖുദ്ദാമും ജൽസയ്ക്കുമുമ്പേ ജോലി ചെയ്തു. കാനഡയിൽനിന്ന് 150 ലേറെ ഖുദ്ദാം ജൽസയ്ക്കുശേഷം വൈന്റപ്പ് ജോലി ചെയ്തു.**

**യു.കെയിലെ പെൺകുട്ടികളും ആൺകുട്ടികളും പുരുഷന്മാരും സ്ത്രീകളും കുട്ടികളുമടക്കം ഏകദേശം 6000 ആളുകൾ സേവനത്തിൽ നിയോഗിതരായിരുന്നു. ഇത്രയധികം പ്രവർത്തകരെ നല്കിയതെല്ലാം അല്ലാഹുവിന്റെ കൃപാകടാക്ഷമാണ്.**

**ജൽസയിലെ പരിപാടികളും പ്രവർത്തകരും നിശബ്ദമായ തബ്ലീഗാണ് ചെയ്തുകൊണ്ടിരിക്കുന്നത്. പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിലൂടെയും മറ്റു മാർഗങ്ങളിലൂടെയും തബ്ലീഗ് ചെയ്യുന്നതിനെക്കാൾ കൂടുതലാണിത്.**

***എനിക്ക് ഈ ജൽസയിൽ പങ്കെടുത്ത് ശാന്തിയുടേയും സമാധാനത്തിന്റേയും അമ്പാസിഡറമാരുമായി കണ്ടുമുട്ടാൻ അവസരം കിട്ടിയിരിക്കുന്നു. *ഞാൻ ഈ ജൽസയെ യഥാർഥ സമാധാനത്തിന്റെ ലക്ഷ്യസ്ഥാനമെന്ന് പറയും. *സജ്ജീകരണങ്ങൾക്കു പിന്നിലുള്ള രഹസ്യമെന്താണെന്ന് അറിയാൻ ഞാൻ ശ്രമിച്ചുകൊണ്ടിരുന്നു. അവസാനം ഞാനെത്തിയത് ഇക്കൂട്ടർ ഖിലാഫത്തിനെ വിശ്വസിക്കുന്നവരാണെന്നും അതുകൊണ്ട് എന്തു ത്യാഗത്തിനും സന്നദ്ധരായിരിക്കുന്ന ഒരു ജനത തയ്യാറാക്കപ്പെട്ടിരിക്കുന്നുവെന്നുമാണ്. *നിങ്ങളുടെ ജൽസയിൽ തങ്ങളെ കുറിച്ച് ഒരു ചിന്തയും വിചാരവുമില്ലാതെ മറ്റുള്ളവരുടെ സേവനത്തിന് സന്നദ്ധരും തയ്യാറായുമിരിക്കുന്ന യുവാക്കളേയും കുട്ടികളേയും കണ്ട് ആ യുവാക്കളും കുട്ടികളും മുഖേന ഒരു പുതിയ ലോകം ജന്മമെടുക്കുന്നതാണെന്ന് മനസ്സിലാകുന്നു. അവരിൽ സ്വാർഥത ഉണ്ടാകുകയില്ല. മറിച്ച് മറ്റുള്ളവരെ സേവിക്കുക എന്നതായിരിക്കും അവരുടെ ലക്ഷ്യം. ഈ ഉന്നതമായ അധ്യാപനത്തോടൊപ്പം പോളിഷ് ചെയ്ത് മിനുക്കിയ ഒരു കണ്ണാടിപോലെ ഇസ്ലാമിന്റെ മനോഹരമായ മുഖം ഇസ്ലാം അഥവാ അഹ്മദിയ്യത്ത് ഇന്ന് മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുന്നു. *ഞാൻ ഇതുപോലുള്ള ഉന്നതമായ സജ്ജീകരണങ്ങൾ മറ്റൊരിടത്തും കണ്ടിട്ടില്ല. ഇതിനുകാരണം നിസ്വാർഥരും സ്നേഹിക്കുന്നവരും മനുഷ്യത്വത്തെ ആദരിക്കുന്നവരുമായിട്ടുള്ള ഈ യുവാക്കളും കുട്ടികളും വൃദ്ധരുമാണ്; അവർ ഈ ജൽസയിൽ എപ്പോഴും സേവനത്തിനായി സന്നദ്ധരായിരിക്കുകയും അവർക്കു അവരുടെ ഖലീഫയുടെ മാർഗനിർദേശങ്ങൾ എപ്പോഴും കിട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. *എം.ടി.എ യുടെ സജ്ജീകരണങ്ങളും എന്നെ വല്ലാതെ അത്ഭുതപ്പെടുത്തി. *ഈ ജൽസയിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയും പ്രസംഗങ്ങളുടെ തർജമ തങ്ങളുടെ ഭാഷയിൽകേട്ട് ജൽസ തങ്ങളുടെ നാട്ടിലാണ് നടക്കുന്നതെന്ന് അനുഭവിച്ചറിയുന്നു; തങ്ങളുടെ ഭാഷയിലും തങ്ങളുടെ ജനതയിലും നടക്കുന്നതുപോലെ! *ഞാൻ ജൽസയെ ഗഹനമായി പരിശോധിച്ചു. ഐക്യവും ഒത്തൊരുമയും ഇല്ലാത്തിടത്തോളം സമ്പത്തുകൊണ്ടുമാത്രം ഒന്നും ചെയ്യാൻ കഴിയുകയില്ലെന്ന തീരുമാനത്തിൽ ഞാനെത്തി. നിങ്ങൾ ഒരു ശരീരംപോലെ ആയിത്തീർന്നാൽ എല്ലാം സാധ്യമാക്കാവുന്നതാണ്. ജൽസയിലെ പ്രവർത്തകർ ഒരു ശരീരംപോലെയായിത്തീർന്നപ്പോൾ അസംഭാവ്യമായതിനെ സംഭാവ്യമാക്കി കാണിച്ചു. *ജൽസയിൽ പങ്കെടുത്തുകൊണ്ട് എനിക്കു ആകാശത്തുനിന്ന് പ്രകാശം ഇറങ്ങുന്നതുപോലെ തോന്നിയിരുന്നു. *അഹ്മദി യുവാക്കളുടേയും കുട്ടികളുടേയും സേവനവികാരം പ്രശംസാർഹമാണ്. ഇന്ന് ലോകത്ത് ഒരു ജനതയിലും സന്നദ്ധ സേവനമെന്ന നിലയിൽ ഇത്തരം സേവനങ്ങൾ ചെയ്യുന്ന യുവാക്കൾ ഇല്ലാത്തതിനു തുല്യമാണ്. കുട്ടികളുടെ ആവേശഭരിതമായ ഉൾപ്പെടൽ വിളിച്ചോതുന്നത് അഹ്മദിയ്യത്തിന്റെ വർത്തമാനവും ഭാവിയും തിളക്കമാർന്നതാണെന്നാണ്. *ജൽസയുടെ അന്തരീക്ഷം വളരെ ആത്മീയമായിരുന്നു. അഹ്മദിയ്യാ ജമാഅത്ത് പുതിയതായി വരുന്ന എല്ലാവരേയും സ്നേഹവും ഉന്നതനിലയിലുള്ള അതിഥി സൽക്കാരവുംകൊണ്ട് ഇസ്ലാമിന്റെ യഥാർഥവും പുതിയതുമായ മുഖം പ്രദർശിപ്പിക്കുന്നു. *ലോകത്തിന്റെ എല്ലാ അറ്റങ്ങളിൽനിന്നും വന്നിരുന്ന ഇത്ര അധികമാളുകൾ അങ്ങേയറ്റം സമാധാനത്തോടും സ്നേഹത്തോടുംകൂടി ഇരിക്കുന്നതുകണ്ട് എന്റെ മനസ്സിൽ വല്ലാത്ത സ്വാധീനമുണ്ടായിരിക്കുന്നു. *ഇന്ന് ഇസ്ലാമികാധ്യാപനങ്ങളുടെ കർമപരമായ മാതൃകകണ്ട് തങ്ങൾ ഇപ്പോൾ തങ്ങളുടെ സ്വാധീന വലയത്തോടും തങ്ങളുടെ ആളുകളോടും തങ്ങളുടെ ചുറ്റുപാടുള്ളവരോടും ഇസ്ലാമിന്റെ മനോഹരമായ അധ്യാപനം അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ അടുത്ത് കാണുക എന്ന് തങ്ങൾക്ക് പറയാൻ കഴിയുമെന്നുമുള്ള കാര്യം അതിഥികൾ പ്രകടിപ്പിക്കുന്നു. *ജൽസ സാലാന അങ്ങേയറ്റം മനോഹരമായ ഒരു പരിപാടിയായി ഞാൻ മനസ്സിലാക്കുന്നു. ഇസ്ലാമിന്റെ മനോഹരമായ ചിത്രം കാണിക്കുന്നതിന് ഈ മാർഗം അങ്ങേയറ്റം ചേർന്നതാണ്. *അഹ്മദിയ്യാ ജമാഅത്ത് ലോകത്തുള്ള എല്ലാവരേയും സേവിക്കുന്നതിൽ എപ്പോഴും വ്യാപൃതരാണെന്ന കാര്യവും ജൽസ മുഖേന പൊന്തി മുന്നിൽ വന്നു. *ആദ്യ ദിവസം എനിക്കു തോന്നിയത് ജൽസസാലാനയും ഇവിടെ ഉയർത്തിയിട്ടുള്ള പതാകയും തികച്ചും ഐക്യരാഷ്ട്രസഭയുടെ രേഖാ ചിത്രം സമർപിക്കുന്നുവെന്നാണ്. പക്ഷേ, ഖലീഫത്തുൽ മസീഹിന്റെ സമാപന പ്രഭാഷണം കേട്ടപ്പോൾ എന്റെ അഭിപ്രായം തിരുത്തപ്പെട്ടു. കാരണം ഐക്യരാഷ്ട്ര സഭയിൽ എല്ലാ രാജ്യങ്ങളിലേയും അമ്പാസിഡർമാരാണ് പങ്കെടുക്കുന്നത്. ഓരോരുത്തരും അവരവരുടെ നേട്ടത്തെ സംബന്ധിച്ചാണ് പറയുന്നത്; അത് തെറ്റായാലും വേണ്ടില്ല, ശരിയായാലും വേണ്ടില്ല. പക്ഷേ, കാലത്തിന്റെ ഖലീഫ മുഴുലോകത്തിനും വേണ്ടി നീതിയുടെ കാര്യങ്ങളാണ് പറഞ്ഞത്. ഇക്കാര്യം ജൽസസാലാനയെ ഐക്യരാഷ്ട്ര സഭയിൽനിന്ന് വ്യതിരിക്തമാക്കുന്നവയാണ്.**

**(ജൽസസാലാനയിൽ പങ്കെടുത്ത അതിഥികളിൽ ചിലരുടെ പ്രതികരണങ്ങൾ)**

**ഇപ്രാവശ്യം മാധ്യമങ്ങളും അല്ലാഹുവിന്റെ കരുണാകടാക്ഷത്താൽ കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ജൽസയുടെ വളരെ നല്ല കവറേജ് നല്കി.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2016 ആഗസ്റ്റ് 19/1395 ള്ഹൂർ 19**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് മോർഡൻ,ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ۔

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ۔ اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۔ الرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ۔ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ കഴിഞ്ഞയാഴ്ച യു.കെ.അഹ്മദിയ്യ ജമാഅത്തിന്റെ ജൽസ സാലാന സംഘടിപ്പിക്കുകയുണ്ടായി. ലോകത്തിന്റെ അവസ്ഥകൾ കാരണത്താൽ ഏറ്റവും കൂടുതൽ ചിന്തയുണ്ടായിരുന്നത് സുരക്ഷിതവും സമാധാനപരവുമായി ജൽസ നടത്തുക എന്നതായിരുന്നു. വളരെ നല്ല നിലയിൽ മൂന്നു ദിവസം കഴിയുകയും ജൽസ അവസാനിക്കുകയും ചെയ്തു. അൽഹംദുലില്ലാഹ്. അല്ലാഹു ഭാവിയിലും എല്ലാതരത്തിലുമുള്ള ബുദ്ധിമുട്ടുകളിൽനിന്നും ദ്രോഹങ്ങളിൽനിന്നും കാത്തുരക്ഷിക്കുമാറാകട്ടെ.

ജൽസയുടെ ആത്മീയാന്തരീക്ഷത്തെ സ്വന്തക്കാരും അന്യരും പ്രകടിപ്പിക്കുകയുണ്ടായി. ആ അവസ്ഥ എല്ലാവരും ഉള്ളിൽ അനുഭവിച്ചറിഞ്ഞു. ഇതിന്റെ സ്വാധീനങ്ങൾ എന്നെന്നും നിലനില്ക്കാനും, നമ്മൾ എപ്പോഴും അല്ലാഹുവിനോടു നന്ദിയുള്ള ദാസരായിരുന്നുകൊണ്ട് അവന്റെ മുമ്പിൽ 'ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കും' എന്ന് നമ്മൾ ചെയ്തിട്ടുള്ള പ്രതിജ്ഞയോടുകൂടി കുമ്പിട്ടിരിക്കാനും, ഏതൊരുകാര്യമാണോ നമ്മളെ സ്വാധീനിച്ചത് അവയെ എപ്പോഴും നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കിവെക്കാൻ ശ്രമിച്ചുകൊണ്ടിരിക്കാനും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

അല്ലാഹുവേ! ഞങ്ങളിൽ വർഷിച്ചുകൊണ്ടിരിക്കുന്ന നിന്റെ മഹത്തായ കൃപാകടാക്ഷങ്ങളുടെ മഴയും, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നല്കപ്പെട്ടിരിക്കുന്ന സുവാർത്തകൾ നീ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നതും, ഞങ്ങളുടെ എന്തെങ്കിലും തെറ്റോ അനർഹതയോ അയോഗ്യതയോ കാരണത്താൽ ഞങ്ങളുടെ ജീവിതത്തിന്റെ ഭാഗമാകുന്നതിന് തടസമാകരുതേ എന്ന് നമ്മൾ എപ്പോഴും ദുആചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹുവേ! നന്മകൾ ചെയ്യാനുള്ള കഴിവും നിന്നിൽനിന്നാണ് ലഭിക്കുന്നത്. അതിൽ നിലകൊള്ളുന്നതിനുള്ള ശക്തി

യും നിന്നിൽനിന്ന് മാത്രമാണ് കിട്ടുന്നത്. നിന്റെ കൃപാകടാക്ഷം കൊണ്ടാണ് ഞങ്ങൾക്ക് ഞങ്ങളുടെ ബലഹീനതകളെ അതിജയിക്കാൻ കഴിയുന്നതും. ഞങ്ങളുടെ നിസാരമായ പരിശ്രമങ്ങളിലും എപ്പോഴും അനുഗ്രഹം ചൊരിഞ്ഞുകൊണ്ടിരുന്നാലും. നിന്നോടു എപ്പോഴും ഒട്ടിച്ചേർന്നിരിക്കുന്നവരും നിന്നോടു നന്ദികാണിക്കുന്നവരുമായ ദാസരിൽ ഞങ്ങളെ കണക്കാക്കിയാലും. നമ്മൾ അല്ലാഹുവിന്റെ നന്ദിയുള്ള ദാസരായിക്കൊണ്ട് ലയിൻ ശകറത്തും ലഅസീദന്നക്കും എന്ന അവന്റെ വിളംബരത്തിന് പാത്രമായിരിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ എന്നും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. നിങ്ങൾ നന്ദി കാണിക്കുകയാണെങ്കിൽ ഞാൻ തീർച്ചയായും നിങ്ങൾക്ക് കൂട്ടിത്തരുന്നതാണ്. നിങ്ങൾക്ക് കൂടുതൽ നല്കുന്നതാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജൽസയുടെ ജോലി ജൽസയ്ക്കുമുമ്പേ തുടങ്ങുന്നു. അത് നിറവേറ്റാൻ ഖുദ്ദാമും അത്ഫാലും അൻസ്വാറും വഖാറെ അമൽ ചെയ്യുന്നതിനു തങ്ങളെ സമർപിക്കുന്നു. ജൽസയുടെ രണ്ടുമൂന്നാഴ്ച മുമ്പേ ഈ ജോലി ആരംഭിക്കുന്നു. ഞാൻ കഴിഞ്ഞ ഖുത്ബയിലും പറഞ്ഞു കഴിഞ്ഞതാണ്, സാധാനങ്ങളെല്ലാം അഴിച്ച് വെക്കുന്നതുൾപ്പെടെയുള്ള ഈ എല്ലാ ജോലികളും ഏകദേശം രണ്ടാഴ്ചവരെ നീണ്ടുനില്ക്കുന്നു. വലിയ അധ്വാനത്തോടും ആത്മാർഥതയോടുംകൂടി ആളുകൾ വഖാറെ അമൽ(ശ്രമദാനം) ചെയ്യുന്നു. പിന്നീട് ജൽസയുടെ ഡ്യൂട്ടികളും നല്കുന്നു.

ഖലീഫത്തുൽ മസീഹിന്റെ സാന്നിധ്യം ഇവിടെയുള്ളതിനാൽ ബ്രിട്ടൺ അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസ ഒരു വിധത്തിൽ ഇന്റർനാഷണൽ ജൽസയായി തീർന്നിരിക്കുകയാണ്. സകലരാജ്യങ്ങളുടേയും പ്രതിനിധികൾ ഇവിടെ വരുന്നു. പക്ഷേ, ഇപ്രാവശ്യം ജൽസയുടെ സജ്ജീകരണങ്ങളുടേയും സന്നദ്ധസേവകരുടേയും അടിസ്ഥാനത്തിലും അതിന് അന്താരാഷ്ട്രനില കൈവന്നിരിക്കുകയാണ്. കഴിഞ്ഞ വർഷവും കാനഡയിൽനിന്ന് ഖുദ്ദാം വഖാറെ അമൽ ചെയ്യാൻ വന്നിരുന്നു. പക്ഷേ, വളരെ കുറച്ചു പേരാണ് വന്നിരുന്നത്. ശരിയായ നിലയിൽ അവരെ പ്രയോജനപ്പെടുത്താനും കഴിഞ്ഞിരുന്നില്ല. അല്ലെങ്കിൽ സമയപരിമിതി കാരണത്താൽ അവർക്ക് ശരിയായ നിലയിൽ സേവനം ചെയ്യാൻ കഴിഞ്ഞിരുന്നില്ല. ഈ വർഷം മെച്ചപ്പെട്ട പദ്ധതി തയ്യാറാക്കിയിരുന്നുവെന്ന് മാത്രമല്ല ഞാൻ അറിഞ്ഞിടത്തോളം ഈ പദ്ധതി കാരണത്താൽ വളരെ നല്ല പണിയും നടന്നു. എന്നല്ല കഴിഞ്ഞ വർഷത്തെക്കാൾ പങ്കെടുത്തവരുടെ എണ്ണവും അധികമായിരുന്നു. ഈ വർഷം അമേരിക്കയിൽനിന്നും ഖുദ്ദാം വഖാറെ അമൽ ചെയ്യാൻ വന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ ജോലി, വഖാറെ അമലും ഇപ്പോൾ അന്താരാഷ്ട്ര നിലവാരത്തിലായിരിക്കുകയാണ്. സേവനം ചെയ്യാൻ പ്രവർത്തകർ വിവിധ രാജ്യങ്ങളിൽനിന്ന് വരുന്നു. അമേരിക്കയിലെ ഭൂരിഭാഗം ഖുദ്ദാമും ജൽസയ്ക്കു മുമ്പേ ജോലി ചെയ്തു. കാനഡയിൽനിന്ന് 150 ലേറെ ഖുദ്ദാം ജൽസയ്ക്കുശേഷം വൈന്റപ്പ് ജോലി ചെയ്തു. യു.കെ.(U.K)യിലെ ഖുദ്ദാമുൽ അഹ്മദിയ്യാ സ്വദ്ർ എന്നോടു പറഞ്ഞു: 'ഈ വെളിയിൽനിന്ന് വന്ന ഖുദ്ദാം വലിയ അധ്വാനത്തോടെ പ്രവർത്തിച്ചുവെന്നു മാത്രമല്ല വളരെ ആസൂത്രണമായ പദ്ധതിയോടും വളരെ ആവേശത്തോടും കൂടി പ്രവർത്തിക്കുകയുണ്ടായി. വളരെ വേഗത്തിൽ ഈ ജോലി ചെയ്തുതീർക്കുകയും ചെയ്തു.' അല്ലാഹു ഇവർക്കെല്ലാം പ്രതിഫലം നല്കുമാറാകട്ടെ. വഖാറെ അമൽ ചെയ്തുകൊണ്ടിരിക്കുകയും ഡ്യൂട്ടികൾ ചെയ്തുകൊണ്ടിരിക്കുകയും ചെയ്ത യു.കെയിലെ ഖുദ്ദാമും അത്ഫാലും തീർച്ചയായും നമ്മുടെ നന്ദിക്കർഹരാണ്. അവരും കഠിനാധ്വാനം ചെയ്യുകയും എപ്പോഴും ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു.

വഖാറെ അമൽ ചെയ്തുകൊണ്ടിരുന്ന, ഡ്യൂട്ടികൾ നല്കിക്കൊണ്ടിരുന്ന യൂ.കെയിലെ അത്ഫാലും ഖുദ്ദാമും തീർച്ചയായും നമ്മുടെ നന്ദിക്കർഹരാണ്. അവരും കഠിനാധ്വാനത്തോടെ പണിയെടുത്തു. എപ്പോഴും പണി ചെയ്യുന്നുമുണ്ട്. ഡ്യൂട്ടികൾ നല്കുന്ന യൂ.കെ.യിലെ അത്ഫാലും ഖുദ്ദാമും അതിനോടൊപ്പം സംഘാടകരും ജൽസയിൽ പങ്കെടുക്കുന്നവരും യു.കെ.കാരോടും ഉദ്യോഗസ്ഥരോടും അത്ഫാൽ -ഖുദ്ദാമിനോടും നന്ദി പറയുന്നതിനോടൊപ്പം അമേരിക്കയിൽനിന്നും കാനഡയിൽനിന്നും വന്ന ഖുദ്ദാമിനോടും നന്ദിയുള്ളവരായിരിക്കേണ്ടതാണ്. എല്ലാത്തിനെക്കാളുമുപരിയായി നമ്മൾ അല്ലാഹുവിനോടു നന്ദിയുള്ളവരായിരിക്കണം. അവനാണ് നമുക്ക് യൂറോപ്പിലും ഈ പാശ്ചാത്യ രാജ്യങ്ങളിലും താമസിക്കുന്നതിനും പരിപാലിക്കുന്നവരും വളരുന്നവരുമായ നിസ്വാർഥമായി പണിയെടുക്കുന്ന സന്നദ്ധസേവകരെ പ്രദാനം ചെയ്തിട്ടുള്ളത്.

യൂ.കെയിലെ പെൺകുട്ടികളും ആൺകുട്ടികളും പുരുഷന്മാരും സ്ത്രീകളും കുട്ടികളുമടക്കം ഏകദേശം 6000 ആളുകൾ സേവനത്തിൽ നിയോഗിതരായിരുന്നു. ഇത്രയധികം പ്രവർത്തകരെ നല്കിയതെല്ലാം അല്ലാഹുവിന്റെ കൃപാകടാക്ഷമാണ്. അവർ ടോയ്‌ലറ്റ് വൃത്തിയാക്കുന്നതുമുതൽ ഭക്ഷണം പാകം ചെയ്യുക, വിതരണം ചെയ്യുക, പിന്നെ ജൽസാഗാഹിലെ വിവിധ ജോലികൾ, സെക്യൂരിറ്റി, പാർക്കിംഗ്, മറ്റു സൗകര്യങ്ങൾ സംഘടിപ്പിക്കുക, പിന്നീട് അതെല്ലാം അവസാനം വൃത്തിയാക്കുകയും അഴിച്ച് സുരക്ഷിതമായി വെക്കുകയും ചെയ്യുന്നതുവരെ അങ്ങേയറ്റം വൈദഗ്ദ്ധ്യത്തോടും കൃത്യമായ പ്ലാനോടുംകൂടി ചെയ്തുകൊണ്ടിരുന്നു. ഈ ദൃശ്യങ്ങൾ മറ്റൊരിടത്തും നമുക്ക് കാണാൻ കഴിയുകയില്ല. അതിനാൽ ഈ പ്രവർത്തകർ നമ്മുടെ നന്ദിക്ക് അങ്ങേയറ്റം അർഹരാണ്. ഇപ്രകാരം ആ പ്രവർത്തകരും, ആ ജോലിയെടുത്ത ആളുകളും ആ സന്നദ്ധസേവകരും അല്ലാഹു അവർക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക് സേവനം ചെയ്യാനുള്ള അവസരം നല്കിയതിന് അവനോടു നന്ദി കാണിക്കേണ്ടതാണ്. ഭാവിയിൽ അല്ലാഹു അവർക്ക് മുമ്പത്തെക്കാളുപരി ഈ സേവനത്തിന് തൗഫീഖ് നല്കുന്നതിന് ദുആചെയ്യേണ്ടതുമാണ്. കുട്ടികളും യുവാക്കളും വൃദ്ധരുമെല്ലാം ചെയ്ത ജോലികൾ തങ്ങളെ എങ്ങനെയാണ് ആകർഷിച്ചതെന്നും വിസ്മയപ്പെടുത്തിയതെന്നുമുള്ള കാര്യം പുറത്തുനിന്ന് വന്ന അതിഥികൾ പ്രകടിപ്പിക്കുകയുണ്ടായി. ചില അതിഥികളുടെ പ്രതികരണം വിവരിക്കുകയാണ്.

ജൽസയിലെ പരിപാടികളും പ്രവർത്തകരും നിശബ്ദ്മായ തബ്ലീഗാണ് ചെയ്തുകൊണ്ടിരിക്കുന്നത്. പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിലൂടെയും മറ്റു മാർഗങ്ങളിലൂടെയും തബ്ലീഗ് ചെയ്യുന്നതിനെക്കാൾ കൂടുതലാണിത്.

ബെനിനിലെ പ്രതിരോധമന്ത്രി ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'എനിക്ക് ഈ ജൽസയിൽ പങ്കെടുത്ത് ശാന്തിയുടേയും സമാധാനത്തിന്റേയും അമ്പാസിഡറമാരുമായി കണ്ടുമുട്ടാൻ അവസരം കിട്ടിയിരിക്കുന്നു. എല്ലാ കുട്ടികളും യുവാക്കളും മറ്റുള്ളവരോടു സൽസ്വഭാവത്തോടുകൂടി പെരുമാറുന്നത് കാണാൻ കഴിഞ്ഞു. ആർക്കെങ്കിലും മറ്റു ഭാഷകൾ അറിയില്ലെങ്കിൽത്തന്നെയും മന്ദസ്മിതരായി സ്വാഗതം ചെയ്യുകയും അതിഥികളുടെ ഭാഷയിൽ എന്തെങ്കിലും കുറച്ച് പറയാൻ ശ്രമിക്കുകയും ചെയ്തിരുന്നു. ജൽസസാലാന യഥാർഥ സാഹോദര്യബന്ധത്തിന്റെ ഒരു വലിയ മാതൃകയാണ്.' പറയുന്നു:'ഞാൻ ഈ ജൽസയെ യഥാർഥ സമാധാനത്തിന്റെ ലക്ഷ്യസ്ഥാനമെന്ന് പറയും. ഈ ജൽസയിൽ പങ്കെടുത്ത എല്ലാ കുട്ടികളും വലിയവരും വൃദ്ധരും ത്യാഗം ചെയ്ത് മറ്റുള്ളവർക്ക് സുഖം പകരാൻ ശ്രദ്ധിക്കുന്നു.' പിന്നീട് ഇദ്ദേഹം പറയുന്നു: 'നിങ്ങളുടെ ജൽസ എനിക്ക് ഒരു അക്കാഡമിയുടെ നില ഉൾക്കൊള്ളുന്നതാണ്. ഇവിടെനിന്ന് എനിക്ക് ഒരുപാട് പഠിക്കാൻ ലഭിച്ചു. ഞാൻ ഇത്ര വലിയ സമ്മേളനത്തിൽ ആരേയും ഉന്തുംതള്ളും നടത്തുന്നതായി കണ്ടില്ല. എല്ലാ കാര്യങ്ങളും ഒരു വ്യവസ്ഥിതിയോടും ഒരു ചിട്ടയോടുംകൂടിയാണ് നടന്നുകൊണ്ടിരുന്നത്. ഡ്യൂട്ടിയിലുണ്ടായിരുന്ന എല്ലാ ചെറിയവരും വലിയവരും അതിഥികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ വ്യാപൃതരായിരുന്നു. ഏതെങ്കിലും സാധനം വേണമെന്ന് സൂചിപ്പിച്ചാൽപോലും അതു അവിടെ ഇല്ലെങ്കിൽ ഉടനെ വാങ്ങി ആവശ്യം നിറവേറ്റാൻ ശ്രമിച്ചിരുന്നു. ഏറ്റവും വലിയ കാര്യം ജൽസയിൽ പങ്കെടുത്ത എല്ലാവരുടേയും സുരക്ഷയുടെ ഫലപ്രദവും ഉന്നതവുമായ ഏർപാടായിരുന്നു. സുരക്ഷയുടെ ഉന്നതവും ഉദാത്തവുമായ ഒരു പ്ലാനായിരുന്നു ഉണ്ടായിരുന്നത്. അതിൽനിന്ന് തോന്നിയത് ഏതോ പ്രൊഫഷണൽ ടീമാണ് അത് ചെയ്തിരുന്നതെന്നാണ്. വാസ്തവത്തിൽ എനിക്കവിടെ ഏതെങ്കിലും പോലീസുകാരനേയോ ഏതെങ്കിലും ആർമിയുടെ ആളേയോ കാണാൻ കഴിഞ്ഞില്ല.' വീണ്ടും ഇദ്ദേഹം പറയുന്നു:'ഏർപാടുകൾക്കു പിന്നിലുള്ള രഹസ്യമെന്താണെന്ന് അറിയാൻ ഞാൻ ശ്രമിച്ചുകൊണ്ടിരുന്നു. അവസാനം ഞാനെത്തിയത് ഇക്കൂട്ടർ ഖിലാഫത്തിനെ വിശ്വസിക്കുന്നവരാണെന്നും അതുകൊണ്ട് എന്തു ത്യാഗത്തിനും സന്നദ്ധരായിരിക്കുന്ന ഒരു ജനത തയ്യാറാക്കപ്പെട്ടിരിക്കുന്നുവെന്നുമാണ്.' അന്യരുടെ പ്രതികരണമാണിത്.

ബെനിനിലെ തന്നെ ഒരു പത്രപ്രവർത്തകനും വന്നിരുന്നു. അദ്ദേഹം പറഞ്ഞു: 'ഈ ജൽസയുടെ ഉന്നതനിലവാരത്തിലുള്ള സജ്ജീകരണങ്ങളെ കുറിച്ച് ആരോടെങ്കിലും പറയുകയാണെങ്കിൽ സ്വയം തന്റെ കണ്ണുകൊണ്ട് കാണാത്തിടത്തോളം അയാൾ അത് വിശ്വസിക്കുകയില്ല. നിങ്ങളുടെ ജൽസയിൽ പങ്കെടുത്ത് എനിക്ക് പ്രതീക്ഷയുടെ സന്ദേശം ലഭിച്ചിരിക്കുന്നു. ലോകത്തെല്ലായിടത്തും സ്വാർഥതാൽപര്യങ്ങൾക്കുവേണ്ടി കുഴപ്പങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. എന്നാൽ, നിങ്ങളുടെ ജൽസയിൽ തങ്ങളെ കുറിച്ച് ഒരു ചിന്തയും വിചാരവുമില്ലാതെ മറ്റുള്ളവരുടെ സേവനത്തിന് സന്നദ്ധരും തയ്യാറായുമിരിക്കുന്ന യുവാക്കളേയും കുട്ടികളേയുംകണ്ട് ആ യുവാക്കളും കുട്ടികളും മുഖേന ഒരു പുതിയ ലോകം ജന്മമെടുക്കുന്നതാണെന്ന് മനസ്സിലാകുന്നു. അവരിൽ സ്വാർഥത ഉണ്ടാകുകയില്ല. മറിച്ച് മറ്റുള്ളവരെ സേവിക്കുക എന്നതായിരിക്കും അവരുടെ ലക്ഷ്യം. ഈ ഉന്നതമായ അധ്യാപനത്തോടൊപ്പം പോളിഷ് ചെയ്ത് മിനുക്കിയ ഒരു കണ്ണാടിപോലെ ഇസ്ലാമിന്റെ മനോഹരമായ മുഖം ഇസ്ലാം അഥവാ അഹ്മദിയ്യത്ത് ഇന്ന് മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുന്നു.' പറയുന്നു:'ഞാൻ പത്രപ്രവർത്തകൻ എന്ന നിലയിൽ ലോകത്തിലെ ഭൂരിഭാഗം സ്ഥലങ്ങളിലും പോയിട്ടുണ്ട്. സൗദ്യ അറേബ്യയിൽ ഹജ്ജിന്റെ ഒരുക്കങ്ങൾ കണ്ടിട്ടുണ്ട്. ഇറാനിലും വലിയ സമ്മേളനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. യു.എൻ.ഒ(U.N.O) യുടെ കീഴിൽ സംഘടിപ്പിച്ച വലിയ കോൺഫ്രൻസുകളിലും പങ്കെടുത്തിട്ടുണ്ട്. പക്ഷേ, ഞാൻ ഇതുപോലുള്ള ഉന്നതമായ സജ്ജീകരണങ്ങൾ മറ്റൊരിടത്തും കണ്ടിട്ടില്ല. ഇതിനുകാരണം നിസ്വാർഥരും സ്നേഹിക്കുന്നവരും മനുഷ്യത്വത്തെ ആദരിക്കുന്നവരുമായിട്ടുള്ള ഈ യുവാക്കളും കുട്ടികളും വൃദ്ധരുമാണ്; അവർ ഈ ജൽസയിൽ എപ്പോഴും സേവനത്തിനായി സന്നദ്ധരായിരിക്കുകയും അവർക്കു അവരുടെ ഖലീഫയുടെ മാർഗനിർദേശങ്ങൾ സദാ കിട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.' പറയുന്നു:'ഞാൻ എന്റെ മനസ്സിന്റെ അവസ്ഥ ശരിയായ നിലയിൽ പ്രകടിപ്പിക്കുന്നതിൽ അശക്തനാണ്.' പറയുന്നു:'ജീവിതത്തിന്റെ എല്ലാ തുറകളുമായി ബന്ധം വെക്കുന്ന ആളുകൾ ചിരിച്ചും പുഞ്ചിരിച്ചുമുള്ള മുഖത്തോടുകൂടി അതിഥികൾക്ക് സേവനം ചെയ്യുന്നത് എനിക്ക് വളരെ വിസ്മയിപ്പിക്കുന്ന അനുഭവമായിരുന്നു. അവരിലാരാണ് സമ്പന്നനെന്നും ആരാണ് ദരിദ്രനെന്നും അറിയാനുള്ള

## ഇർശാദുന്നബ്‌വി(സ)

"മുഅ്മിനുകളിൽ പരിപൂർണമായവൻ അവരിൽ വെച്ചേറ്റവും നല്ല സ്വഭാവമുള്ളവനാകുന്നു. നിങ്ങളിൽ ഏറ്റവും ഉത്തമൻ തങ്ങളുടെ ഭാര്യമാരോടു നല്ലനിലയിൽ പെരുമാറുന്നവനാകുന്നു."(തുർമുദി)

**ത്വാലിബെ ദുആ:**
**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## ഇർശാദുന്നബ്‌വി(സ)

"നരകവാസികളാരെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? ക്രൂരമനസ്കരും അന്യായമായി ധനം സംഭരിച്ചു വെക്കുന്നവരും അഹങ്കാരികളുമാണവർ." (ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

എന്റെ ശ്രമം പരാജയപ്പെട്ടു. ഒരുപോലെ ഒരൊറ്റ വികാരത്തോടെ മറ്റുള്ളവർക്ക് സുഖം പകരുന്നതിനു വേണ്ടി അവർ രാപകൽ സേവനം ചെയ്യുന്നതാണ് കണ്ടത്.' പറയുന്നു:'എം.ടി.എ യുടെ സജ്ജീകരണങ്ങളും എന്നെ വല്ലാതെ അത്ഭുതപ്പെടുത്തി. ഞാൻ ബെനിനിൽ നാഷണൽ ടി.വി.യുടെ ഡയറക്ടറായിരുന്നിട്ടുണ്ട്. ഞാൻ ഇന്നുവരെ ടി.വി.യിലെ തത്സമയ പരിപാടിയുടെ ഇത്ര ഉന്നതക്കിടയിലുള്ള സജ്ജീകരണങ്ങൾ മറ്റെവിടേയും കണ്ടിട്ടില്ല. നിങ്ങളുടെ ഇവിടെ എം.ടി.എ മുഖേന പ്രസംഗങ്ങളുടെ ഇത്ര ഭാഷകളിൽ തത്സമയ തർജമകൾക്കുള്ള സജ്ജീകരണം യു.എൻ.ഓ (U.N.O) യിലുമില്ല. ഈ ജൽസയിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയും പ്രസംഗങ്ങളുടെ തർജമ തങ്ങളുടെ ഭാഷയിൽകേട്ട് ജൽസ തങ്ങളുടെ നാട്ടിലാണ് നടക്കുന്നതെന്ന് അനുഭവിച്ചറിയുന്നു; തങ്ങളുടെ ഭാഷയിലും തങ്ങളുടെ ജനതയിലും നടക്കുന്നതുപോലെ! ഈമാനിനെ മറ്റെല്ലാ കാര്യത്തെക്കാളും ശ്രേഷ്ഠമായി വെക്കണമെന്നും സത്യത്തിനാണ് അവസാനം വിജയമുണ്ടാകുന്നതെന്നും ശക്തവാൻ എപ്പോഴും ശക്തവാനായിരിക്കുകയില്ലെന്നും ഞാൻ അഹ്‌മദിയ്യത്തിൽനിന്ന് പഠിച്ചിരിക്കുന്നു.' പറയുന്നു: 'ജൽസയിൽ പങ്കെടുത്തുകൊണ്ട് ഞാൻ പറയുന്നത് ആരെങ്കിലും കർമ്മം ചെയ്യാനുണ്ടെങ്കിൽ അല്ലാഹുവിനെ കണ്ടെത്തുന്നതിനുള്ള വഴി ഇന്നും നിലവിലുണ്ടെന്നാണ്.'

കോംഗോ കൺഷാസയിലെ ഒരു സംസ്ഥാനത്തിന്റെ അറ്റോർണി ജനറലും ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'ഞാൻ 25 വർഷമായി മജ്സ്ട്രേട്ട് എന്ന നിലയിൽ ജോലി ചെയ്തുവരുന്നു. ഞാൻ ജൽസയെ ഗഹനമായി പരിശോധിച്ചു. ഐക്യവും ഒത്തൊരുമയും ഇല്ലാത്തിടത്തോളം സമ്പത്തുകൊണ്ടുമാത്രം ഒന്നും ചെയ്യാൻ കഴിയുകയില്ലെന്ന തീരുമാനത്തിൽ ഞാനെത്തി. നിങ്ങൾ ഒരു ശരീരംപോലെ ആയിത്തീർന്നാൽ എല്ലാം സാധ്യമാക്കാവുന്നതാണ്. ജൽസയിലെ പ്രവർത്തകർ ഒരു ശരീരംപോലെയായിത്തീർന്നപ്പോൾ അസംഭാവ്യമായതിനെ സംഭാവ്യമാക്കി കാണിച്ചു. വനത്തെ താമസയോഗ്യമാക്കി. ഇവിടെയെല്ലാം സുലഭമായിരുന്നു. വൃത്തിയും വെടിപ്പുമുള്ള ടോയ്‌ലെറ്റുകൾ, താമസസ്ഥലങ്ങൾ, വിവിധ ഭാഷകളിൽ പരിപാടി പ്രക്ഷേപണം ചെയ്തുകൊണ്ടിരിക്കുന്ന റേഡിയോ ടി.വി നിലയങ്ങൾ. വിവിധരാജ്യങ്ങളിൽനിന്ന് വന്നിട്ടുള്ള സമ്പന്നരും ദരിദ്രരും വലിയ വലിയ ഉദ്യോഗസ്ഥന്മാരും രാഷ്ട്രീയ നേതാക്കളും വിദ്യാസമ്പന്നരും ബുദ്ധിമതികളുമെല്ലാം ഒറ്റക്കെട്ടായി ജോലി ചെയ്തുകൊണ്ടിരുന്നു. നാല്പതിനായിരത്തിനടുത്ത് അതിഥികളുടെ ഭക്ഷണവും പാനീയവും മറ്റു ആവശ്യങ്ങളും ശ്രദ്ധിക്കുക എന്നത് എഴുപ്പമുള്ള കാര്യമല്ല. പക്ഷേ, ഈ ജോലി ആറായിരത്തിന്നടുത്ത് സന്നദ്ധസേവകർ ഒരു ഒച്ചയും ബഹളവും കുഴപ്പവുമില്ലാതെ സന്തോഷത്തോടെ നിർവഹിക്കുകയായിരുന്നു. ഈ സന്നദ്ധസേവകരിൽ മൂന്നുവയസ്സുമുതൽ എൺപതുവയസ്സുവരെയുള്ളവർ ഉണ്ടായിരുന്നു; അതായത് കുട്ടികളും വൃദ്ധരും. ഈ സന്നദ്ധസേവകർ മറ്റുള്ളവർക്ക് സേവനം ചെയ്ത് സന്തോഷം അനുഭവിക്കുകയായിരുന്നു. ഞാൻ എല്ലായിടത്തും സ്നേഹവും സാഹോദര്യവുമാണ് കണ്ടത്.' പറയുന്നു:'ഞാൻ മനസ്സിലാക്കുന്നത് അഹ്‌മദിയ്യാ ജമാഅത്ത് വളരെ ഫലപ്രദമായ നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നാണ്. ഇവർ ഒരിക്കലും പരാജയപ്പെടുകയില്ല.' ഇൻശാഅല്ലാഹ്. പറയുന്നു:'ഞാൻ എല്ലാവരോടും പറയാൻ ആഗ്രഹിക്കുന്നത് ജമാഅത്തിനെ അടുത്തുനിന്ന് നോക്കുകയാണെങ്കിൽ നിങ്ങൾക്ക് സ്വയം മനസ്സിലാകുമെ ന്നാണ്.' പറയുന്നു: 'ജൽസയിൽ വന്നുടനെ ആദ്യ അരമണിക്കൂർ അന്യനായി തോന്നിയിരുന്നു. അതിനുശേഷം ആളുകൾ സ്വയമേവ വന്ന് എന്നെ കണ്ടുകൊണ്ടിരുന്നു. നമ്മളെല്ലാവരും വർഷങ്ങളായി പരിചയമുള്ളവരാണെന്ന് തോന്നുംവിധമായിരുന്നു അത്.'

ഇതും ജൽസയുടെ ഒരു മനോഹാരിതയാണ്. അന്യരെ ആകർഷിക്കുന്നത് ജൽസയിൽ ജോലിചെയ്യുന്നവർ മാത്രമല്ല. മറിച്ച് ജൽസയിൽ പങ്കെടുക്കുന്നവരും ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. ഇവർ മുഖേന നിശബ്ദമായ ഒരു തബ്‌ലീഗാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഡ്യൂട്ടി നല്കിയവരും അല്ലാഹുവിന് നന്ദിയുള്ളവരാകേണ്ടതാണ്; അവർ തങ്ങളുടെ കർമംകൊണ്ട് ഇസ്‌ലാമിന്റെ സന്ദേശം എത്തിച്ചുകൊണ്ടിരിക്കുകയും അമുസ്‌ലീംകളെ ആകർഷിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവിന്റെ കൃപാകടാക്ഷത്തിന് അനന്തരാവകാശികളായിക്കൊണ്ടിരിക്കുകയുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അവിടെ പങ്കെടുത്ത അഹ്‌മദികളും അല്ലാഹു അവർ മുഖേന അവരെക്കൊണ്ട് നിശബ്ദമായ തബ്‌ലീഗ് ചെയ്യിച്ചുകൊണ്ടിരിക്കുന്നതിന് അല്ലാഹുവിന് ശുക്ർ ചെയ്യേണ്ടതാണ്.

നൈജീരിയായിൽനിന്ന് രാഷ്ട്രപതിയുടെ മതപരമായ കാര്യങ്ങളുടെ മുഖ്യ ഉപദേഷ്ടാവും ഈ വർഷം ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു:'ഞാൻ ഏകദേശം വർഷം മുഴുവൻ യാത്ര ചെയ്യുകയും മതപരമായ മീറ്റിംഗുകളിൽ പങ്കെടുക്കുകയും ചെയ്യുന്നയാളാണ്. പക്ഷേ, ഞാൻ ഇന്നുവരെ ഇത്തരം ഒരു ആത്മീയമായ ദൃശ്യം കണ്ടിട്ടില്ല. ജൽസയിൽ പങ്കെടുത്തുകൊണ്ട് എനിക്കു ആകാശത്തുനിന്ന് പ്രകാശം ഇറങ്ങുന്നതുപോലെ തോന്നിയിരുന്നു.' ബയ്അത്തിന്റെ ദൃശ്യം കണ്ടതിനുശേഷം പറയുന്നു:'ഞാൻ ബയ്അത്തെ രിള്‌വാനിൽ പങ്കെടുത്തിരിക്കുന്നതുപോലെ അനുഭവപ്പെട്ടു.'

ജപ്പാനിൽനിന്ന് ഒരു സ്നേഹിതൻ അയോമാ (Aoyama) യൂസുഫ് സാഹിബ് പങ്കെടുത്തിരുന്നു. അദ്ദേഹം പ്രശസ്ത സ്കോളറും ആംഗ്ലിക്കൻ (Anglican) ചർച്ചിന്റെ പ്രസിഡന്റുമാണ്. അദ്ദേഹം പറയുന്നു: അഹ്‌മദി യുവാക്കളുടേയും കുട്ടികളുടേയും സേവനവികാരം പ്രശംസാർഹമാണ്. ഇന്ന് ലോകത്ത് ഒരു ജനതയിലും സന്നദ്ധ സേവനമെന്ന നിലയിൽ ഇത്തരം സേവനങ്ങൾ ചെയ്യുന്ന യുവാക്കൾ ഇല്ലാത്തതിനു തുല്യമാണ്. ഈ ദൃശ്യം ജൽസസാലാനയിൽ മാത്രമാണ് കണ്ടുകൊണ്ടിരിക്കുന്നത്. ചിലയിടത്ത് യുവാക്കൾ ഓടിയോടി ഭക്ഷണം വിതരണം ചെയ്യുന്നതിനു ചിന്താകുലരാകുന്നു. ചിലയിടത്ത് അതിഥികളെ കൊണ്ടുവരുന്നതിനുവേണ്ടി വണ്ടികളുടെ ചിന്തയിലാണ്. ചിലയിടത്ത് കുട്ടികൾ വെള്ളം വിതരണം ചെയ്യുന്നു. ചിലയിടത്ത് മുതിർന്നവർ വിവിധ ജോലികളിൽ മുഴുകിയിരിക്കുന്നു. പ്രത്യേകിച്ചും കുട്ടികളുടെ ആവേശഭരിതമായ ഉൾപ്പെടൽ വിളിച്ചോതുന്നത് അഹ്‌മദിയ്യത്തിന്റെ വർത്തമാനവും ഭാവിയും തിളക്കമാർന്നതാണെന്നാണ്." ഇൻശാഅല്ലഹ്.

ഉഗാണ്ട വൈസ് പ്രസിഡന്റ് എഡ്വേർഡ് സിക്കാൻഡി (Edward Ssekandi)യും പങ്കെടുത്തിരുന്നു. 'അദ്ദേഹത്തെ ജൽസാഗാഹ് കാണിക്കുകയും ഇതെല്ലാം ചെയ്തത് സന്നദ്ധ സേവകരാണെന്ന് പറയുകയും ചെയ്തപ്പോൾ അദ്ദേഹം വളരെ അത്ഭുതപ്പെട്ടുപോയി. പിന്നീട് സെക്യൂരിറ്റിക്കാരെ കണ്ടുകൊണ്ട് ചോദിച്ചു, മറ്റുള്ളവരെല്ലാം സന്നദ്ധസേവരാണെന്നത് ശരിതന്നെ. പക്ഷേ, ഇവർക്ക് തീർച്ചയായും പണം കൊടുക്കുന്നുണ്ടാകുമല്ലേ? ഇവിടെ എല്ലായിടത്തും പ്രവർത്തിക്കുന്നത് സന്നദ്ധസേവകരാണെന്ന് അദ്ദേഹത്തോടു പറഞ്ഞപ്പോൾ വളരെ ആകർഷിതനായി. അദ്ദേഹം പറഞ്ഞു: ഞാൻ എന്റെ ജീവിതത്തിൽ ഒരിക്കലും മുസ്‌ലീംകളുടെ ഇത്ര വലിയ സമ്മേളനം കണ്ടിട്ടില്ല. ഇവിടെ എല്ലാവരും സമാധാനത്തോടുകൂടി സംഘടിച്ചിരിക്കുന്നു. ഞാൻ മുസ്‌ലീംകളെ കുറിച്ച് കേട്ടിട്ടുള്ളത് കഴുത്തറുക്കുന്നവരും മറ്റുള്ളവരെ ബുദ്ധിമുട്ടിക്കുന്നവരുമാണെന്നാണ്. ഉഗാണ്ടയിലും മുസ്‌ലീംകൾ പരസ്പരം കലഹിച്ചുകൊണ്ടിരിക്കുന്നു. സർക്കാറിന് ചില ഘട്ടങ്ങളിൽ ഇടപെടേണ്ടിയും (intervene) വരാറുണ്ട്. പക്ഷേ, ഇപ്പോൾ എനിക്ക് യഥാർഥ മുസ്‌ലീംകളാരാണെന്ന് മനസ്സിലായി. ഇസ്‌ലാമിന്റെ അധ്യാപനം ശാന്തിയുടേയും സമാധാനത്തിന്റേതുമാണ്.'

റഷ്യയിൽനിന്ന് ഒരു വനിത ഡോക്ടർ ഇറിന ശ്രീനിക്കോ (Dr.Irina Sirinko)വന്നിരുന്നു. അവർ റഷ്യയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓറിയന്റൽ സ്റ്റഡീസിൽ പ്രൊഫസറാണ്. അവർ പറയുന്നു: 'ജമാഅത്തിന്റെ ഈ ജൽസയിൽ പങ്കെടുക്കുക എന്നത് എന്റെ ജീവിതത്തിലെ ആദ്യ അനുഭവമായിരുന്നു. അത് ഒരു അവിസ്മരണീയമായ അനുഭവമായി സ്ഥാപിതമായി. ഇതിനു കാരണം ജൽസയിലെ സജ്ജീകരണങ്ങളും ആസൂത്രിമായ പദ്ധതികളും ഉന്നതനിലവാരത്തിലുള്ളതായിരുന്നു എന്നതു മാത്രമല്ല. പ്രത്യുത അതിന്റെ ഏറ്റവും വലിയ കാരണം ജൽസയുടെ അന്തരീക്ഷം വളരെ ആത്മീയമായിരുന്നു എന്നതാണ്. അഹ്‌മദിയ്യാ ജമാഅത്ത് പുതിയതായി വരുന്ന എല്ലാവരേയും സ്നേഹവും ഉന്നതനിലയിലുള്ള അതിഥി സൽക്കാരംവും കൊണ്ട് ഇസ്‌ലാമിന്റെ യഥാർഥവും പുതിയതുമായ മുഖം പ്രദർശിപ്പിക്കുന്നു.'

അയർലൻഡിൽ(Ireland)നിന്ന് ഒരു അതിഥി വന്നിരുന്നു. അദ്ദേഹം പറയുന്നു:'ഈ ജൽസയിൽ പങ്കെടുക്കുക എന്നത് എന്റെ ജീവിതത്തിലെ അങ്ങേയറ്റം മനോഹരമായ അനുഭവങ്ങളിൽപ്പെട്ടതായിരുന്നു. 40000 ആളുകൾ ഒരിടത്ത് സമ്മേളിച്ചിരിക്കുന്നത് കണ്ട് എന്റെ ഈമാൻ വീണ്ടും ജീവിച്ചു. ലോകത്തിന്റെ എല്ലാ അറ്റങ്ങളിൽനിന്നും വന്നിരുന്ന ഇത്ര അധികമാളുകൾ അങ്ങേയറ്റം സമാധാനത്തോടും സ്നേഹത്തോടുംകൂടി ഇരിക്കുന്നതുകണ്ട് എന്റെ മനസ്സിൽ വല്ലാത്ത സ്വാധീനമുണ്ടായിരിക്കുന്നു. നിങ്ങളുടെ ആതിഥ്യത്തിന് അങ്ങേയറ്റം നന്ദിയുണ്ട്. ഇസ്‌ലാമിന്റെ യഥാർഥ സമാധാനത്തിന്റേയും സ്നേഹത്തിന്റേയും സന്ദേശം പ്രചരിപ്പിക്കാൻ ഞാൻ പരിശ്രമിക്കുന്നതാണ്.'

നമ്മുടെ ഈ അന്തരീക്ഷവും കണ്ട് ജനങ്ങൾ ആകർഷിതരാകുന്നു.

ജൽസയിൽ പങ്കെടുക്കുന്നവരിൽനിന്ന് ചില സംഭവങ്ങൾ ഉണ്ടാകാറുണ്ട്. അതു ചിലപ്പോൾ വലിയ സ്വാധീനമായിരിക്കും ഉണ്ടാക്കുന്നത്. അവരുടെ മുമ്പിൽ അത്തരം സംഭവങ്ങൾ നമ്മളിൽനിന്ന് ഉണ്ടാക്കാതെ മറച്ചുവെക്കുന്നുവെന്നതിന് അല്ലാഹുവിന് ശുക്ർ. ഉണ്ടാകാൻ പാടില്ലാത്തതായ അത്തരം ചില സംഭവങ്ങൾ ഈ വർഷവും ഉണ്ടായിട്ടുണ്ട്. ചിലയാളുകൾ പരസ്പരം വഴക്കുകളുമുണ്ടാക്കി. അത്തരം ആളുകൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്, ഇതു ജമാഅത്തിനുമാത്രമല്ല ദുഷ്പേരിന് കാരണമാകുന്നത് മറിച്ച് വെളിയിൽനിന്ന് വരുന്നവരെ ഇസ്‌ലാമിൽനിന്ന് അകറ്റുന്ന സന്ദേശമായിരിക്കും അതുനല്കുന്നത്. പിന്നീട് പൊതുവെ ജനങ്ങൾ ഇസ്‌ലാമിനെക്കുറിച്ച് നല്ല അഭിപ്രായമില്ലാത്ത മുസ്‌ലിം കക്ഷികളിൽ അഹ്‌മദിയ്യാ ജമാഅത്തിനേയും പെടുത്തുന്നതായിരിക്കും. എല്ലാ അഹ്‌മദികളും ജൽസയുടെ ദിനങ്ങളിൽ പ്രത്യേകമായ നിലയിലും പൊതുവായും എപ്പോഴും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

ഗ്രീക്കിൽനിന്ന് വന്ന ഒരു സംഘത്തിലെ ഒരാൾ പറയുന്നു: 'ജൽസയിലെ സജ്ജീകരണങ്ങൾ വളരെ ഉന്നതമായിരുന്നു. വളരെ ചിട്ടയോടുകൂടി സന്നദ്ധസേവകർ എല്ലാ ജോലിയും ചെയ്തു. വിവിധ രാജ്യങ്ങളിൽനിന്ന് വന്ന ആളുകളുമായി ഞാൻ


## ഇർശാദുന്നബ്‌വി(സ)

“സൂര്യൻ ഉദിച്ചുപൊന്തുന്ന ഓരോ ദിവസവും മനുഷ്യന്റെ സന്ധികളുടെ എണ്ണം കണക്കിൽ ധർമം ചെയ്യാൻ അവൻ ബാധ്യസ്ഥനാണ്.”(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
**എം.എ.മുഹമ്മദ് കോഴിക്കോട്**

## ഇർശാദുന്നബ്‌വി(സ)

“ജനങ്ങളെ പരസ്പരം യോജിപ്പിക്കുക വഴി നന്മ വളർത്തുന്നവനോ നന്മ ഉപദേശിക്കുന്നവനോ നുണ പറയുന്നവനല്ല.”(ബുഖാരി, മുസ്‌ലിം))

**ത്വാലിബെ ദുആ:**
**അബ്ദുസ്സമദ് , പഴയങ്ങാടി**

## ഇർശാദുന്നബ്‌വി(സ)

“സ്വർഗവാസികളാരെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? അവശരും അബലരുമാണവർ. മാത്രമല്ല, അല്ലാഹുവിൽ പ്രതിജ്ഞ ചെയ്താൽ അത് അവൻ (അല്ലാഹു)നിറവേറ്റിക്കൊടുക്കുകയും ചെയ്യും.”(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
**കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

കൂടിക്കാഴ്ച നടത്തിയപ്പോൾ എത്ര രാജ്യങ്ങളിൽ നിന്നാണ് ഇവിടെ ആളുകൾ എത്തിയിട്ടുള്ളതെന്ന് അറിയാൻ ഞാൻ ലിസ്റ്റുണ്ടാക്കാൻ തുടങ്ങി. ഞാൻ അത്ഭുതപ്പെട്ടുപോയി. എന്റെ ലിസ്റ്റിൽ 30 രാജ്യങ്ങൾവരെ എത്തി.' പറയുന്നു: 'ജൽസയുടെ സമാപന ദിവസം പന്തലിൽ ബയ്അത്തിന്റെ പരിപാടി കണ്ടപ്പോൾ അത് എന്നെ സംബന്ധിച്ചിടത്തോളം വളരെ വലിയ ആത്മീയാനുഭവമായിരുന്നു. ഞാൻ ഒരുപാടാളുകളുടെ മുഖങ്ങൾ വികാരനിർഭരമായിട്ട് കണ്ടു. യഥാർഥത്തിൽ ഇതൊരു വളരെ വലിയ മനോഹര ദൃശ്യമായിരുന്നു.'

മഖ്ദോനിയായിൽനിന്ന് ഒരു സാഹിബ വന്നിരുന്നു. മഖ്ദോനിയായിലേയും ക്രൊയേഷ്യായിലേയും വലിയ സംഘമായിരുന്നു വന്നിരുന്നത്. ഒരു സാഹിബായുടെ പ്രതികരണം വിവരിക്കുകയാണ്. പറയുന്നു: 'ജൽസസാലാനയുടെ സജ്ജീകരണങ്ങൾ എന്നെ അത്ഭുതപ്പെടുത്തി. എല്ലാ അതിഥികൾക്കും ആവശ്യമുള്ള വസ്തുക്കൾ ലഭ്യമായിരുന്നു. അതിഥികൾക്ക് സേവനം ചെയ്യുന്ന ചെറിയ ചെറിയ കുട്ടികളാണ് എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചത്.'

ഗ്വാട്ടിമാല (Guatemala)യിലെ ഒരു പാർലമെന്റംഗം ഖയോസീലസ് സാഹിബ് പറയുന്നു: 'അതിഥികൾക്കുള്ള സേവനം അസൂയാർഹമായിരുന്നു. ഇപ്രകാരംതന്നെ കുട്ടികൾക്ക് ഡ്യൂട്ടികൾനല്കി കർമപരമായി അവരുടെ ഉത്തരവാദിത്വങ്ങൾ ഈ രീതിയിൽ നിറവേറ്റുന്നവരാക്കുക എന്നത് അനുകരണാർഹമാണ്.'

അതിനാൽ പൊതുവെ എല്ലാ അഹ്മദികളും പങ്കെടുക്കുന്നവർക്ക് വിശ്വാസപരവും കർമപരവുമായ ഉത്തമ മാർഗമാകുന്നു. ജൽസയിൽ എല്ലാവരും അവരവരെ പരിഷ്കരിക്കുന്നു. കർമപരമായ പരിഷ്കരണത്തിലേക്കും ശ്രദ്ധ ഉണ്ടാകുന്നു. മിക്കവരും അന്യരേയും ആകർഷിക്കുന്നു. ജൽസ വെറും തർബിയ്യത്തിന്റെ പരിധിയിൽ ഒതുങ്ങുന്നില്ല. മറിച്ച് ഇപ്പോൾ അതിന്റെ വിശാലത എത്രമാത്രം ആയിട്ടുണ്ടെന്നാൽ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാമിന്റെ പ്രബോധനത്തിന്റെ പുതിയവഴികൾ ജൽസസാലാന തുറന്നുകൊണ്ടിരിക്കുന്നു.

യഥാർഥവും ഏറ്റവും വലിയതുമായ ഉദ്ദേശ്യം ജമാഅത്തംഗങ്ങളുടെ തർബിയ്യത്ത് അഥവാ ശിക്ഷണമാണ്. പക്ഷേ, മറ്റുള്ളവർ ഇവിടെ വരുന്നതുകൊണ്ട് തബ്ലീഗിനുള്ള വലിയ വഴികൾ തുറന്നുകൊണ്ടിരിക്കുന്നു. ഇസ്ലാമിന്റെ മനോഹരമായ അധ്യാപനം തങ്ങളിൽ പ്രകടമായിരുന്നില്ലെന്നും മാധ്യമങ്ങളും ചില മുസ്ലിം ഗ്രൂപ്പുകളും തെറ്റായ രീതിയിൽ ഇസ്ലാമിനെ സമർപിച്ചിരുന്നതാണ് തങ്ങളുടെ മനസ്സിനെ വലയം ചെയ്തിരുന്നതെന്നും മുസ്ലീംകളുടെ പേര് കേട്ടുടനെ ഭീകരവാദത്തിന്റേയും ഉഗ്രവാദത്തിന്റേയും അക്രമത്തിന്റേയും ചിത്രമാണ് തങ്ങളുടെ മുന്നിൽ വരുന്നതെന്നും എന്നാൽ, ഇന്ന് ഇസ്ലാമികാധ്യാപനങ്ങളുടെ കർമപരമായ മാതൃക കണ്ട് തങ്ങൾ ഇപ്പോൾ തങ്ങളുടെ സ്വാധീനത്തിലുള്ളവരോടും തങ്ങളുടെ ആളുകളോടും തങ്ങളുടെ ചുറ്റുപാടുള്ളവരോടും ഇസ്ലാമിന്റെ മനോഹരമായ അധ്യാപനം അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ അടുത്ത് കാണുക എന്ന് തങ്ങൾക്ക് പറയാൻ കഴിയുമെന്നുമുള്ള കാര്യം അതിഥികൾ പ്രകടിപ്പിക്കുന്നു. ഭൂരിഭാഗമാളുകളും ഇത് പ്രകടിപ്പിച്ചിരുന്നു.

ഇതുസംബന്ധമായി മറ്റു ചില പ്രതികരണങ്ങളും വിവരിക്കുകയാണ്. ഗ്വാട്ടിമാല (Guatemala)യിലെ ഒരു പാർലമെന്റംഗം ആലിയാന (Aliana)സാഹിബ പറയുന്നു: 'അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ജൽസ സാലാനയിൽ ആദ്യമായി പങ്കെടുക്കുക എന്നത് ഒരു മനോഹരമായ അനുഭവമായിരുന്നു. ഇസ്ലാമിനെക്കുറിച്ച് യഥാർഥമായ അധ്യാപനങ്ങൾ അറിയാൻ കഴിഞ്ഞു. ജമാഅത്തിന്റെ വ്യവസ്ഥിതികളിൽ വളരെ ആകർഷിക്കപ്പെട്ടു. ഇതുപോലെതന്നെ തൃപ്തികരമായ അതിഥിസൽക്കാരവും സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും അന്തരീക്ഷവും അസൂയാർഹമായിരുന്നു. പ്രത്യേകിച്ചും വിവിധ ചിന്താഗതിക്കാരും വിവിധ ജനതകളുടേയുമിടയിലുള്ള അസാധാരണമായ സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ഉത്തമമായ ഉദാഹരണം ആദരണീയാർഹവും അനുകരണാർഹവുമായിരുന്നു. ഈ ജൽസയിൽ പങ്കെടുത്തത് എന്റെ ജീവിതത്തിലെ ഏറ്റവും ഉത്തമമായ സ്മരണയാണ്. ഇതിൽ ഞാൻ സന്തോഷിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നു.' പറയുന്നു: 'ഞാൻ ഇവിടെത്തെ ഒരിക്കലും മറക്കാത്ത ഓർമകളുമായിട്ടാണ് എന്റെ രാജ്യമായ ഗ്വാട്ടിമാലയിൽ മടങ്ങിപ്പോകുന്നത്. ഭാവിയിലും ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ ഭാഗ്യമുണ്ടാകണമെന്ന ആഗ്രഹത്തോടെ.'

ഒരു അനഹ്മദി സ്നേഹതൻ സക്രിയ സഅ്ദി സാഹിബ് പി.എച്ച്.ഡി വിദ്യാർഥിയാണ്. അദ്ദേഹം പറയുന്നു:'ജൽസസാലാന അങ്ങേയറ്റം മനോഹരമായ ഒരു പരിപാടിയായി ഞാൻ മനസ്സിലാക്കുന്നു. ഇസ്ലാമിന്റെ മനോഹരമായ ചിത്രം കാണിക്കുന്നതിന് ഈ മാർഗം അങ്ങേയറ്റം ചേർന്നതാണ്. കൂടാതെ അഹ്മദിയ്യാ ജമാഅത്ത് ലോകത്തുള്ള എല്ലാവരേയും സേവിക്കുന്നതിൽ എപ്പോഴും വ്യാപൃതരാണെന്ന കാര്യവും ജൽസ മുഖേന പൊന്തിമുന്നിൽ വന്നു; ആഫ്രിക്കൻ രാജ്യങ്ങളിൽ മെഡിക്കൽ കെയർ(Medical Care) എത്തിക്കുക, കുടിവെള്ളം സംഘടിപ്പിച്ചുകൊടുക്കുക, മറ്റുസൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക.

ഒരു അമുസ്ലിം സ്നേഹതൻ ടോണി വൈറ്റിംഗ് (Tony Whiting) പറയുന്നു: ബ്രിട്ടണിലെ ജനങ്ങൾക്ക് നിങ്ങളിൽനിന്ന് ധാരാളം പഠിക്കാൻ സാധിക്കുമെന്ന കാര്യം ജമാഅത്തിനെ കണ്ടിട്ട് ശക്തമായി അനുഭവപ്പെടുന്നു. ഉദാഹരണത്തിന് എന്താണ് കമ്യൂണിറ്റി? എങ്ങനെയാണ് സംഘടിച്ചുകൊണ്ട് സമാധാന സംസ്ഥാപനത്തിനായി പരിശ്രമിക്കാൻ കഴിയുക? എങ്ങനെയാണ് യുവതലമുറയെ സമാധാന സംസ്ഥാപനത്തിന്റെ പ്രവർത്തനത്തിൽകൊണ്ടുവന്ന് ലോകത്തിന്റെ രക്ഷയ്ക്കും ക്ഷേമത്തിനും വേണ്ടി സമൂഹത്തിന്റെ ഒരു വിലപിടിച്ചതും പ്രവർത്തനനിരതവുമായ അംഗമാക്കാൻ കഴിയുന്നത്? തുടങ്ങിയവ. നിങ്ങളുടെ ജമാഅത്തിനെ കണ്ടിട്ട് ലോകം മുഴുവനുമുള്ള ആളുകൾ നിങ്ങളുടെ ജമാഅത്തിൽ ചേരുന്നതിൽ അത്ഭുതമൊന്നുമില്ല.

പുതിയ അഹ്മദികളുടേയും പ്രതികരണങ്ങളുണ്ട്. ഇത് അവരുടെ തർബിയ്യത്തിന് മാർഗമായിത്തീരുന്നു. ഗ്വാട്ടിമാലയിലെ ഒരു നവഅഹ്മദി ലൂയിസ് അൽഫ്രഡോ (Luis Alfredo)സാഹിബ് പറയുന്നു: യഥാർഥ ഇസ്ലാമികാധ്യാപനങ്ങളെ കർമപരമായി ലോകത്ത് അവതരിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു ജമാഅത്തിലെ അംഗമാകുക എന്നത് ഒരു മഹത്തായ ഭാഗ്യമാണ്. അതിന് ഒരു ഉദാഹരണം അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസസാലാനയാണ്. ഇതിൽ വിവിധ ജനതകളും വിവിധ വർണത്തിലും വിവിധ വംശത്തിലുമുള്ള അംഗങ്ങളും പരസ്പരം സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും കർമപരമായ മാതൃകയായിത്തീരുന്നു. തങ്ങളുടെ 'മോട്ടോ എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്നതിന്റെ കർമപരമായ ചിത്രം ജൽസസാലാനയിൽ കാണാൻ കഴിയുന്നു.

ബൽജിയത്തിൽനിന്ന് ഫാത്വിമ ദയാലോ (Fatoumata Diallo) സാഹിബ തന്റെ രണ്ടു കുട്ടികളോടൊപ്പം ജൽസയിൽ പങ്കെടുത്തു. കുട്ടികളോടൊപ്പം അവർ ബയ്അത്തും ചെയ്തു. അവർ പറയുന്നു: 'എന്നെ ജമാഅത്തിനെ കുറിച്ച് പരിചയപ്പെടുത്തിയത് എന്റെ ഭർത്താവാണ്. എന്നാൽ, ഞാൻ ജമാഅത്തിനെക്കുറിച്ച് ഒരു പ്രശ്നത്തിന് ഇരയായിരുന്നു. ചിലർ പറയുന്നു, അഹ്മദിയ്യാ ജമാഅത്ത് മറ്റു കക്ഷികളെപ്പോലെ ഒരു കക്ഷിയാണെന്ന്. ചിലർ പറയുന്നു, ഇവർ മുസ്ലീംകളല്ലെന്ന്. അങ്ങനെ ഞാൻ ജൽസയിൽ പങ്കെടുത്ത് സത്യം തീരുമാനിക്കാമെന്നു കരുതി. ജൽസയിൽ പങ്കെടുത്തതിനുശേഷം എനിക്കറിയാൻ കഴിഞ്ഞത് അഹ്മദിയ്യാ ജമാഅത്തിലെ ആളുകൾ വളരെ നല്ല സംസ്കാര സമ്പന്നരും എല്ലാവരെക്കാളുമുപരി സത്യമുസ്ലീംകളുമാണെന്നാണ്.' പിന്നീട് എന്റെ പ്രസംഗങ്ങളെ പരാമർശിച്ചുകൊണ്ടു പറഞ്ഞു: 'അവയിൽ നബി(സ)തിരുമേനിയുടെ ഹദീഥുകളുടെ ചർച്ചയായിരുന്നു. ശാന്തിയുടേയും സമാധാനത്തിന്റേയും സത്യസന്ധതയുടേയും സഹിഷ്ണുതയുടേയും സൗശീല്യത്തിന്റേയും ഉപദേശമായിരുന്നു.' പറയുന്നു: 'അല്ലാഹുവിന് ശുക്ർ! അവൻ തന്റെ അസ്തിത്വത്തിലേക്കുകൊണ്ടുപോകുന്ന വഴി നമുക്ക് കാണിച്ചു തന്നിരിക്കുന്നു. ധാരാളം വാളണ്ടിയർമാരും പ്രവർത്തകരും ക്ഷീണിതരായിരുന്നിട്ടും രാപകൽ ഞങ്ങളുടെ സുഖം ശ്രദ്ധിക്കുകയും ഞങ്ങളെ ആദരിക്കുകയും ചെയ്തതിന് അവർക്കെല്ലാം നന്ദി പറഞ്ഞുകൊള്ളുന്നു.'

ഞാൻ ആദ്യമേ പറഞ്ഞ ജപ്പാനിലെ പ്രൊഫസർ സാഹിബ് പറയുന്നു: ജൽസയിൽ 80 രാഷ്ട്രങ്ങളിൽനിന്നുള്ള 30000 ത്തിലധികമാളുകൾ പങ്കെടുത്തു. ആദ്യ ദിവസം എനിക്കു തോന്നിയത് ജൽസസാലാനയും ഇവിടെ ഉയർത്തിയിട്ടുള്ള പതാകയും തികച്ചും ഐക്യരാഷ്ട്ര സഭയുടെ രേഖാ ചിത്രം സമർപിക്കുന്നുവെന്നാണ്. പക്ഷേ, ഖലീഫത്തുൽ മസീഹിന്റെ സമാപന പ്രഭാഷണം ഞാൻ കേട്ടപ്പോൾ എന്റെ അഭിപ്രായം തിരുത്തപ്പെട്ടു. കാരണം ഐക്യരാഷ്ട്ര സഭയിൽ എല്ലാ രാജ്യങ്ങളിലേയും അമ്പാസിഡർമാരാണ് പങ്കെടുക്കുന്നത്. ഓരോരുത്തരും അവരവരുടെ നേട്ടത്തെ സംബന്ധിച്ചാണ് പറയുന്നത്; അത് തെറ്റായാലും വേണ്ടില്ല, ശരിയായാലും വേണ്ടില്ല. പക്ഷേ, കാലത്തിന്റെ ഖലീഫ മുഴുലോകത്തിനുംവേണ്ടി നീതിയുടെ കാര്യങ്ങളാണ് പറഞ്ഞത്. ഇക്കാര്യം ജൽസസാലാനയെ ഐക്യരാഷ്ട്ര സഭയിൽനിന്ന് വ്യതിരിക്തമാക്കുന്നവയാണ്.

ഇപ്രാവശ്യം മാധ്യമങ്ങളും അല്ലാഹുവിന്റെ കരുണാകടാക്ഷത്താൽ കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ജൽസയുടെ വളരെ നല്ല കവറേജാണ് നല്കിയത്. കേന്ദ്ര പ്രസ്സ്&മീഡിയാ ഓഫീസിൽനിന്നുള്ള റിപ്പോർട്ടനുസരിച്ച് ഈ കവറേജ് ജൽസയ്ക്കുമുമ്പേ തുടങ്ങിയിരുന്നു. ബി.ബി.സി റേഡിയോ 4, ദി ഇക്ണോമിസ്റ്റ്, ദി ഗാർഡ്യൻ, ദി ഇന്റിപെൻഡന്റ്, ചാനൽ 4, ഡയ്ലി ടെലിഗ്രാഫ്, ഡയ്ലി എക്സ്പ്രസ്സ്, ഡയ്ലി മെയിൽ തുടങ്ങിയവ ലോകത്ത് ഏറ്റവും കൂടുതൽ ഓൺലൈൻ വായനക്കാരുള്ള പത്രങ്ങളാണ്. ദി സൺ യു.കെ.യിലെ ഏറ്റവും കൂടുതൽ വായിക്കപ്പെടുന്ന പത്രമാണ്. റേഡിയോ എൽ.ബി.സി, ലണ്ടൺ ലൈവ് ടി.വി, സ്കയ് ന്യൂസ്, ചാനൽ ഫാഇയോ, സ്കോട്ടിഷ് ടി.വി, ബിൽഫാസ്റ്റ് ടെലിഗ്രാഫ്, നൈറ്റിംഗംപോസ്റ്റ് തുടങ്ങിയവയിലെല്ലാം ജൽസയുടെ കവറേജുണ്ടായി. ഇതിനുപുറമെ ബി.ബി.സി യുടെ വിവിധ റീജ്യണൽ സ്റ്റേഷനുകളിൽ വാർത്തകൾ പ്രക്ഷേപണം ചെയ്തു. അവരുടെ പ്രിന്റ്&ഓൺലൈൻ മാധ്യമങ്ങളുടെ അംഗസംഖ്യ 41 മില്യൺ ആണെന്നാണ് കരുതുന്നത്. റേഡിയോ ശ്രോതാക്കളുടെ എണ്ണം 2.48 മില്യനാണ്. ഏകദേശം രണ്ടര മില്യൺ. ടെലിവിഷൻ പ്രേക്ഷകരുടെ എണ്ണം ഒരു മില്യനാണ് ഇപ്രകാരം എല്ലാംകൂടി കൂട്ടിയാൽ മൊത്തം സംഖ്യ 135 മില്യനാകുന്നു. പക്ഷേ, അവർ സൂക്ഷ്മമായ റിപ്പോർട്ട് നല്കിക്കൊണ്ടു എഴുതുന്നു: എല്ലാവരും പത്രങ്ങൾ വായിക്കാറില്ല, ആളുകൾ എല്ലാ വാർത്തയും വായിക്കാറില്ല എന്ന് നമ്മൾ സങ്കൽപിച്ചാൽ മൊത്തം സംഖ്യയുടെ 20% കണ്ടാൽത്തന്നെ

Website Design & Online Marketing
Google SEO I Website Design I Social Media I Graphic Design
Call 0828 173 6451 Email: admin@dsignsworld.com
www.dsignsworld.com
DSIGNS WORLD

C.M HIDAYATHULLAH 9447029141, 9946631222
CITYLINK TRAVEL CORPORATION
Linking Destinations
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

18 മില്യനിലധികം ആളുകൾവരെ ജൽസയുടെ വാർത്തകളും അഹ്മദിയ്യ ജമാഅത്തിന്റെ സമാധാനത്തിന്റേയും സ്നേഹത്തിന്റേയും സന്ദേശം എത്തുകയുണ്ടായി. ഈ നിയമമോ ഫോർമുലയോ വെച്ചുനോക്കുകയാണെങ്കിൽ ഈ എണ്ണം കഴിഞ്ഞവർഷം വളരെ കുറവായിരുന്നു. പക്ഷേ, നമ്മൾ വെറും 20% തന്നെ എടുക്കുകയാണെങ്കിൽ അപ്പോഴും കഴിഞ്ഞ വർഷത്തെക്കാൾ 6 മില്യനെക്കാൾ അധികമാളുകളിൽ സന്ദേശമെത്തുകയുണ്ടായി. കഴിഞ്ഞ വർഷം ഈ അടിസ്ഥാനത്തിൽ കാൽകുലേറ്റ് (calculate) ചെയ്യപ്പെട്ടിരുന്നില്ല. ഇത്രയും കവറേജുണ്ടായതിൽ നമ്മുടെ പ്രസ്സ്&മീഡിയ സെക്ഷനും അത്ഭുതപ്പെടുകയാണ്. ഇതിലേക്ക് ശ്രദ്ധയുണ്ടായത് അല്ലാഹുവിന്റെ പ്രത്യേക കൃപാകടാക്ഷമാണ്.

യു.കെ.തബ്ലീഗ് വകുപ്പിന്റെ മീഡിയ ടീം അനുസരിച്ച് സൗത്ത് വെസ്റ്റ് ലണ്ടോണർ (Southwest Londoner)പത്രത്തിൽ മൂന്നു ആർട്ടിക്കിൾ പ്രസിദ്ധീകരിക്കപ്പെട്ടു. ഈ പത്രത്തിന് ഒന്നര ലക്ഷത്തിന്നടുത്ത് ഓൺലൈൻ വരിക്കാറുണ്ട്. സ്കോട്ട്ലാൻഡിൽ ഹെറോൾഡ് മാഗസീനിൽ ജൽസയെ ഉദ്ധരിച്ച് ലേഖനങ്ങൾ വന്നു. അതു വായിക്കുന്നവരുടെ എണ്ണവും ഒന്നേമുക്കാൽ മില്യന്നടുത്ത് പറയപ്പെടുന്നു. ഇതിനു പുറമെ ബൽജിയത്തിലെ രണ്ടു ദേശീയ പത്രങ്ങൾ ജൽസയെ ഉദ്ധരിച്ച് ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. ഗയാനയിൽനിന്നും ഒരു പത്രപ്രവർത്തക തന്റെ കാമറമാനോടൊപ്പം ജൽസയിൽ പങ്കെടുത്തിരുന്നു. അവിടെ ടി.വി.ജി.(TVG)യിൽ വ്യാഴാഴ്ചമുതൽ ഞായറാഴ്ചവരെ നിത്യവും വൈകുന്നേരത്തെ വാർത്തയിൽ ജൽസസാലാനയെ കുറിച്ചുള്ള വാർത്തകൾ നല്കപ്പട്ടു. ഇതിനു പുറമെ ഗയാനയിലെ പ്രശസ്ത പത്രമായ ഗയാന ടൈംസിലും ആർട്ടിക്കിൾ പ്രസിദ്ധീകരിച്ചു. സൂക്ഷ്മമായ കണക്കുകൂട്ടലനുസരിച്ച് ഈ ടെലിവിഷൻ ചാനലിന്റെ പ്രേക്ഷകരുടെ എണ്ണം രണ്ടുലക്ഷത്തിലധികമാണ്. ഗയാന ടൈംസിന്റെ വായനക്കാരുടെ എണ്ണം മൂന്നു ലക്ഷത്തിലധികമാണ്.

ഈ പത്രങ്ങളിൽ പ്രസിദ്ധീകരിച്ച ആർട്ടിക്കളിനെ സംബന്ധിച്ച് പോസിറ്റീവും നെഗറ്റീവുമായിട്ടുള്ള പ്രതികരണങ്ങൾ കാണാൻ കഴിഞ്ഞു. ആളുകൾ ആർട്ടിക്കളിന്റെ താഴെ തങ്ങളുടെ അഭിപ്രായങ്ങളും എഴുതിയിരുന്നു. അഹ്മദിയ്യാ ജമാഅത്ത് എന്ന കക്ഷി മറ്റുള്ള എല്ലാ ഇസ്ലാമിക കക്ഷികളെക്കാളും മികച്ചതാണ്. യഥാർഥ അർഥത്തിൽ സമാധാനം ആഗ്രഹിക്കുന്നവരാണ്. മറ്റു മുസ്ലീംകൾ ഇവരെ വെറുക്കുമ്പോഴാണിത്! തുടങ്ങിയവ അതിൽ ചിലതാണ്.

പിന്നീടൊരു സാഹിബ് എഴുതി: സമാധാനമാഗ്രഹിക്കുന്ന ഒരു ജമാഅത്താണ് അഹ്മദിയ്യാ ജമാഅത്ത്. പക്ഷേ, ലോകം മുഴുവനുമുള്ള സുന്നീ മുസ്ലീംകൾ അവരുടെമേൽ അക്രമം ചെയ്യുന്നു. അവരെ കാഫിർ എന്ന് പറയുന്നു.' വീണ്ടും ഇദ്ദേഹം പറയുന്നു:'അഹ്മദിയ്യാ മുസ്ലിം ജമാഅത്തിലെ ആളുകൾ ഹിന്ദുക്കളുടെ ദൈവമായ കൃഷ്ണനെ ഒരു പ്രവാചകനായി മനസിലാക്കുന്നു. ഇവർ വളരെ സമാധാന പ്രേമികളാണ്. ഇവരുടെ വീക്ഷണഗതികൾ മറ്റു മുസ്ലീംകളിൽനിന്ന് വ്യത്യസ്തമാണ്. ഇക്കാരണത്താൽ ലോകം മുഴുവൻ അവരുടെമേൽ അക്രമം അഴിച്ചുവിട്ടുകൊണ്ടിരിക്കുന്നു.'

പിന്നീട് ചിലർ പത്രങ്ങളിൽ ഇങ്ങനേയും എഴുതി: 'അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ചുള്ള വാർത്തകൾ വായിച്ച് വളരെ നന്നായിതോന്നി. ഇസ്ലാമിനെ ഭീകരമതമായി മനസ്സിലാക്കുന്നവരുടെമേലും അഹ്മദിയ്യാ ജമാഅത്ത് സ്വാധീനമുണ്ടാക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.'

വീണ്ടും ഒരാളെഴുതി: 'മുസ്ലീംകൾ ഭീകരവാദത്തിന്നെതിരെ എപ്പോൾ ശബ്ദമുയർത്താനാണ്?' പിന്നീട് എഴുതുന്നയാൾ എഴുതുന്നു:'നിങ്ങൾ പത്രങ്ങളിൽ വായിച്ചതുപോലെ അഹ്മദീ മുസ്ലീംകൾ വളരെ വിശാലമായ നിലയിൽ ഭീകരവാദത്തിന്നെതിരെ ശബ്ദം ഉയർത്തിക്കൊണ്ടിരിക്കുന്നു. അഹ്മദികൾ ദീർഘകാലമായി ഭീകരവാദത്തെ കഠിനമായി അപലപിക്കുന്നവരാണ്. പക്ഷേ, ആളുകൾ അവർ പറയുന്നതിലേക്ക് ശ്രദ്ധിക്കുന്നല്ല. മാധ്യമങ്ങളുടെ മറ്റു വാർത്തകളെ അടിത്തറയാക്കി മുസ്ലീംകളെ വിലയിരുത്തുന്നു.

ഫ്രാൻസിൽ വന്ന വാർത്തയെ കുറിച്ച് ഒരാളെഴുതി: 'ഫ്രാൻസിലും ഇത്തരം ഒരു ജൽസ സംഘടിപ്പിച്ചിരുന്നെങ്കിൽ എന്ന് ആശിച്ചുപോകുകയാണ്; അവിടെത്തെ ഭാകരവാദികൾ മറ്റുള്ളവരുടെമേൽ തങ്ങളുടെ അഭിപ്രായങ്ങൾ അടിച്ചേൽപിക്കുന്നത് അവസാനിപ്പിക്കാൻ!'

ജനങ്ങളുടെ ചില പ്രതികരണങ്ങൾ വളരെ കാലമായി അവർ ഇതിന്റെ ആവശ്യം ആഗ്രഹിക്കുന്നുണ്ടായിരുന്നതുപോലെയാണ്. പക്ഷേ, ഇതിപ്പോൾ പ്രയോജനപ്പെട്ടു. വാസ്തവത്തിൽ അഹ്മദിയ്യാ ജമാഅത്ത് നൂറുവർഷത്തിലേറെക്കാലമായി ഈ ജോലി ചെയ്തുകൊണ്ടിരിക്കുന്നതാണ്. ഈ പ്രസ്സും മീഡിയയും നമുക്ക് കവറേജ് തരാറില്ല. കാരണം അവരുടെ താൽപര്യത്തിനനുസരിച്ചുള്ള വസ്തുക്കൾ അവയിലുണ്ടാകാറില്ല. ഇപ്പോൾ പ്രസ്സ് കവറേജ് നല്കിയതിനാൽ ആളുകൾ മനസ്സിലാക്കുന്നത് ഇത് ആദ്യമായിട്ടാണുണ്ടായതെന്നാണ്.

എം.ടി.എ ആഫ്രിക്കയും മറ്റു ചാനലുകളും മുഖേന ആഫ്രിക്കയിൽ കവറേജുണ്ടായി. യു.കെ. ജൽസസാലാനയുടെ സംപ്രേഷണം ആദ്യമായി എം.ടി.എ ആഫ്രിക്ക ഇന്റർ നാഷണൽ മുഖേന കാണിക്കപ്പെട്ടു. പശ്ചിമ-പൂർവ ആഫ്രിക്കയിൽനിന്ന് നൂറുക്കണക്കിനാളുകൾ മംഗളാശംസകളും സന്ദേശങ്ങളും അയച്ചിട്ടുണ്ട്.

എം.ടി.എ ആഫ്രിക്കക്ക് പുറമെ താഴെ പറയുന്ന ചാനലുകളും ജൽസ പരിപാടികൾ കാണിച്ചു. ഘാന നാഷണൽ ടെലിവിഷൻ, സൈൻ പ്ലസ്സ് ടി.വി. ഘാന, ടി.വി.ആഫ്രിക്ക, സിയറ ലിയോൺ (Sierra Leone) നാഷണൽ ടി.വി, എം.ഐ.ടി.വി നൈജീരിയ, ബെനിനിലും ഒരു നജി ചാനൽ ഐ ടെലിയിലും എന്റെ പ്രഭാഷണം സംപ്രേഷണം ചെയ്യപ്പെട്ടു. ഉഗാണ്ടയിലെ ബ്രോഡ്കാസ്റ്റിംഗ് കോർപറേഷൻ ആദ്യം ജൽസസാലാനയുടെ പരിപാടികൾ കാണിക്കാൻ വിസമ്മതിച്ചിരുന്നു. എന്നാൽ, അവസാനം കൃത്യസയത്ത് ജൽസയുടെ കവറേജിന് അനുവാദം തന്നു. ഇപ്രകാരം ഉഗാണ്ടയ്ക്കുപുറമെ റുവാണ്ടായിലും ജൽസയുടെ പരിപാടികൾ കാണിക്കപ്പെട്ടു.

മീഡിയ കവറേജ് കാരണത്താലും ജൽസയുടെ കാരണത്താലും ചില ബയ്അത്തുകളും നടന്നു. കോംഗോ(Congo)ബ്രാസവിൽ ഒരു ക്രൈസ്തവ സഹോദരൻ മിസ്റ്റർ വില്ലി(Willy) യെ മിഷൻ ഹൗസിൽ യു.കെ.ജൽസസാലാന കാണാൻ ക്ഷണിച്ചു. മൂന്നു ദിവസവും ജൽസ കേട്ടു. ജൽസയ്ക്കുശേഷം അദ്ദേഹം പറഞ്ഞു:'എനിക്ക് ആദ്യം മുസ്ലീംകളെ വളരെ ഭയമായിരുന്നു. പക്ഷേ, ഇവിടെ വന്നിട്ട് എല്ലായിടത്തും സ്നേഹത്തിന്റേയും പ്രേമവായ്പിന്റേയും കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നതാണ് ഞാൻ കണ്ടത്. പ്രത്യേകിച്ചും ഖലീഫയുടെ പ്രസംഗങ്ങൾ എന്നെ ശക്തമായി ഇളക്കികളഞ്ഞു. ഇനി എനിക്ക് ജമാഅത്തിനെക്കുറിച്ച് മറ്റൊരു തെളിവും വേണ്ട. ഞാൻ ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുകയാണ്.'

ഒരു തദ്ദേശ ജമാഅത്തിന്റെ പ്രസിഡന്റിന്റെ ഭാര്യ ക്രിസ്ത്യാനിയായിരുന്നു. അവരെ തബ്ലീഗ് ചെയ്തുകൊണ്ടിരുന്നു. പക്ഷേ, അവർ ബയ്അത്ത് ചെയ്യാൻ സന്നദ്ധയായിരുന്നില്ല. ഇപ്രാവശ്യം അവർ ജൽസയുടെ പരിപാടികൾ കണ്ടു. എന്റെ പ്രസംഗം കേട്ടതിനുശേഷം പറഞ്ഞു:'ഈ പ്രസംഗം എന്നെ ജമാഅത്തിൽ പ്രവേശിക്കാൻ നിർബന്ധിതയാക്കിയിരിക്കുന്നു. കാരണം ഇവിടെ സത്യസന്ധത മാത്രമേയുള്ളൂ. ജീവിക്കേണ്ടതിന്റെ വഴികളും മാർഗങ്ങളും പഠിപ്പിക്കപ്പെടുന്നു.'

ഇത് ചില മാതൃകകൾ ഞാൻ കാണിച്ചതാണ്. എണ്ണമറ്റ മാതൃകകൾ എന്റെ അടുത്ത് വന്നിട്ടുണ്ട്. കൂടുതൽ വന്നുകൊണ്ടിരിക്കുന്നതാണ്. അല്ലാഹുവിന്റെ കൃപാകടാക്ഷങ്ങളുടെ വൃത്തം വിശാലതയിൽനിന്ന് വിശാലമായിക്കൊണ്ടു പോകുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ശുക്റിന്റെ വൃത്തവും വിശാലമായിക്കൊണ്ടുപോകേണ്ടതാണ്; ലഅസീദന്നക്കും(തീർച്ചയായും നിങ്ങൾക്ക് വർധിപ്പിച്ചുതരും) എന്നതിന്റെ അവകാശികളായിക്കൊണ്ടുപോകുന്നതിന്.

അതുകൊണ്ട് അല്ലാഹു നമ്മുടെ പാരിതോഷികങ്ങൾ കൂടുതൽ വിശാലമാക്കിക്കൊണ്ടു പോകുമാറാകട്ടെ. ജൽസയിൽ പങ്കെടുത്ത എല്ലാ അഹ്മദികളും എന്നല്ല ഇവിടെ നേരിട്ട് ഹാജരാകാതെ ടി.വി.യിൽ പരിപാടി കണ്ടുകൊണ്ട് പങ്കെടുത്തവരും അല്ലാഹുവിനോടുള്ള നന്ദി അതിന്റെ പാരമ്യതയിലെത്തിക്കാൻ ശ്രമിക്കേണ്ടതാണ്. അതിന് ഒരേയൊരു വഴിയെ ഉള്ളൂ. നമ്മൾ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് ജീവിക്കുന്നവരാകുക. അല്ലാഹു നമുക്കെല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ.

സംഘാടകരോടും ഞാൻ പറയട്ടെ. സമയം അധികമായിരിക്കുന്നു. അതുകൊണ്ട് സംഘാടകരെക്കുറിച്ച് കൂടുതലൊന്നും പറയാൻ കഴിഞ്ഞില്ല. ചില കുറവുകൾ ഉണ്ടായിട്ടുണ്ട്. അത് ചില സ്ഥലങ്ങളിൽനിന്ന് എനിക്ക് അറിയാൻ കഴിഞ്ഞിട്ടുമുണ്ട്. സ്കാനിംഗിന്റെ വകുപ്പിൽ, മറ്റുസ്ഥലങ്ങളിൽ, പാർക്കിംഗിന്റെ സ്ഥലങ്ങളിൽ. ഇപ്രകാരംതന്നെ സെക്യൂരിറ്റിയിലും ചിലകുറവുകൾ കാണാൻ കഴിഞ്ഞു. അതുകൊണ്ട് അത് മെച്ചപ്പെടുത്തേണ്ട ആവശ്യമുണ്ട്. അതിന് ഇപ്പോൾ മുതൽത്തന്നെ സംഘാടകർ ജോലി ആരംഭിക്കേണ്ടതാണ്. എന്താണ് ചെയ്യേണ്ടത്? എങ്ങനെ ആ കുറവുകൾ പരിഹരിക്കാൻ കഴിയും? ഏറ്റവും നല്ല പദ്ധതി എങ്ങനെ ആസൂത്രണം ചെയ്യാൻ കഴിയും? തുടങ്ങിയവയെ കുറിച്ച് ചിന്തിക്കുക. പിന്നീട് അതിന്റെ റിപ്പോർട്ട് എനിക്കു തരിക. അല്ലാഹു അവർക്കും തൗഫീഖ് നല്കുമാറാകട്ടെ.

## 122-ാമത് ജൽസസാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ഖാദിയാനിലെ 122-ാമത് ജൽസസാലാന 2016 ഡിസംബർ 26,27,28 (തിങ്കൾ, ചൊവ്വ, ബുധൻ)എന്നീ തിയതികളിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു. ഈ ജൽസ എല്ലാ വിധത്തിലും വിജയപ്രദമാകുന്നതിനും സൗഭാഗ്യരായ ആത്മാക്കൾക്ക് സന്മാർഗപ്രാപ്തിക്കു കാരണമാകുന്നതിനും ദുആ ചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹു അഹ്സനുൽജസാ

### ഇർശാദുന്നബ്വി(സ)

"നിങ്ങളെല്ലാം ഭരണകർത്താക്കളും തങ്ങളുടെ ഭരണീയരെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നവരുമാണ്. അമീറും ഒരു ഭരണ കർത്താവാണ്."
(ബുഖാരി, മുസ്ലിം)

**ത്വാലിബെ ദുആ:**
**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

### ഇർശാദുന്നബ്വി(സ)

"ഒരു സത്യവിശ്വാസിയും തന്റെ സത്യവിശ്വാസിനിയായ ഭാര്യയോടു കോപിക്കരുത്."
(മുസ്ലിം)

**ത്വാലിബെ ദുആ:**
**പി.യൂസുഫ് & കുടുംബാംഗങ്ങൾ**
**മാത്തോട്ടം**

### ഇർശാദുന്നബ്വി(സ)

"ഇഹലോകം താൽക്കാലിക വിഭവങ്ങൾ മാത്രമാണ്. ഐഹികവിഭവങ്ങളിൽ ഉത്തമമായത് സത്യസന്ധയായ ഭാര്യയാകുന്നു."
(മുസ്ലിം)

**ത്വാലിബെ ദുആ:**
**കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-1 Thursday 22 September Issue-29

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# 2016 മെയ് 17 ന് സ്യൂഡൻ തലസ്ഥാനമായ സ്റ്റോക്ക്ഹോമിൽ സംഘടിപ്പിച്ച സ്വീകരണ പരിപാടിയിൽ അമീറുൽമുഅ്മിനീൻ ചെയ്ത പ്രൗഢഗംഭീരമായ പ്രഭാഷണം കേട്ട അതിഥികളുടെ പ്രതികരണങ്ങൾ – ഭാഗം 2

● ഒരു അതിഥി Mr.Stig തന്റെ ചിന്താഗതികൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: 'ഇത് വളരെ ഹൃദ്യമായ പ്രഭാഷണമായിരുന്നു. ഞാൻ ഇന്നേക്ക് മുമ്പേ ഇസ്‌ലാമിനെക്കുറിച്ച് ഈ രീതിയിൽ സംസാരിക്കുന്ന ആരേയും ഒരിക്കലും കണ്ടിട്ടില്ല. ഖലീഫ ലോകത്തിലെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് സംസാരിച്ചു. സമാധാനം സ്ഥാപിക്കുകയെന്ന് ഉപദേശിക്കുകയും ചെയ്തു. വർത്തമാനകാലത്തേയും വരുകാലത്തേയും തലമുറകൾക്ക് ഈ സന്ദേശം തന്നെയാണ് സന്ദേശത്തിന്റെ താക്കോൽ. ഖലീഫ ഗംഭീരമായ രീതിയിൽ സമാധാനത്തിന്റെ കാര്യം സംസാരിച്ചുകൊണ്ടിരിക്കുന്നു. ഞാൻ അദ്ദേഹത്തെ ഒരുപാട് ആദരിക്കുന്നു.'

● ഒരു അതിഥി Mrs.Sibylla തന്റെ ചിന്താഗതികൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: 'ഏതൊരു സന്ദേശമാണോ ഖലീഫ നല്കിയത് എല്ലാ മതങ്ങളും അവരവരുടെ ആരംഭകാലത്ത് നല്കിയിരുന്ന യഥാർഥ സന്ദേശമായിരുന്നു അത്. എല്ലാ മതങ്ങളുടേയും അടിസ്ഥാനപരമായ അധ്യാപനം ഇതുതന്നെയാണ്. ഖലീഫ എല്ലാവരേയും ഒരൊറ്റ കാര്യത്തിലേക്കാണ് ക്ഷണിക്കുന്നത്. ഖലീഫയുടെ സംസാരം കേട്ട് മതങ്ങൾ ലോകത്ത് പ്രശ്നങ്ങളുണ്ടാക്കുന്നതിന് കാരണക്കാരല്ലെന്ന് എനിക്ക് ദൃഢബോധ്യമായി. മുസ്‌ലീംകളോടു നമുക്ക് അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ അത് മതത്തിന്റേതല്ല. മറിച്ച് കൾച്ചറിന്റേതാണ്. ഖലീഫയുടെ സന്ദേശം വളരെ ലളിതമാണ്; അതായത് പരസ്പരം ആദരിക്കുക. പരസ്പരമുള്ള അഭിപ്രായഭിന്നതകളിൽനിന്ന് രക്ഷപ്പെടുക. സമാധാനത്തിനുവേണ്ടിയുള്ള ഖലീഫയുടെ പരിശ്രമങ്ങളെ വളരെയധികം ആദര ദൃഷ്ടിയോടെ ഞാൻ നോക്കിക്കാണുന്നു.

'ഇന്നേക്കുമുമ്പേ ഇസ്‌ലാമിനെക്കുറിച്ച് എനിക്ക് കുറച്ച് അറിയാമായിരുന്നു. എന്നാൽ, ഇപ്പോൾ എനിക്ക് ഒരുപാട് അറിയാൻ കഴിഞ്ഞു. ഇനി ഞാൻ വിശുദ്ധ ഖുർആൻ പഠിക്കാൻ ശ്രമിക്കുന്നതാണെന്നും തീരുമാനിച്ചിരിക്കുന്നു. ഖലീഫ എനിക്ക് ഭാവിയെക്കുറിച്ച് പുതിയൊരു പ്രതീക്ഷ നല്കിയിരിക്കുന്നു.'

● ഒരു അതിഥി Goran തന്റെ ചിന്താഗതികൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: 'ഖലീഫയുടെ പ്രഭാഷണം ഗംഭീരമായിരുന്നു. ഞാൻ അത്ഭുതപ്പെടുകയാണ്, ഇത്രയധികം പാർലമെന്റംഗങ്ങൾ വന്നത് അവരെല്ലാം അദ്ദേഹത്തോടും അദ്ദേഹത്തിന്റെ പ്രസ്ഥാനങ്ങളോടുമൊപ്പമുണ്ടെന്നതിന് തെളിവാണ്. ഖലീഫയെ കാണുന്നതും സമാധാനസന്ദേശം കേൾക്കുന്നതും വളരെ നന്നായിരുന്നു. അദ്ദേഹം വളരെ ദയാലുവും ആത്മീയമായ വ്യക്തിത്വവുമാണെന്ന് കണുമ്പോൾത്തന്നെ മനസ്സിലാകുന്നു. ഖലീഫ പറഞ്ഞതെല്ലാം വിശുദ്ധ ഖുർആനിന്റെ ആയത്തുകളുടെ വെളിച്ചത്തിലായിരുന്നു. അത് അദ്ദേഹം പറയുന്നതെല്ലാം ഇസ്‌ലാമികാധ്യാപനങ്ങളാണെന്ന് സ്ഥാപിക്കുന്നു. ഖുർആനിക വാക്കുകൾ വളരെ ആകർഷണീയത ഉൾക്കൊള്ളുന്നു.

'Refugee crisisനെ കുറിച്ച് അദ്ദേഹം ഇത്രയധികം പറഞ്ഞതിൽ ഞാൻ അത്ഭുതപ്പെടുകയാണ്. കാരണം ഭൂരിഭാഗം മതനേതാക്കളും ഈ വിഷയത്തിൽനിന്ന് ദൂരെ കിടക്കുന്നവരാണ്. ഏതോ സ്ത്രീക്ക് ആശുപത്രിയിൽ ചികിത്സ നിഷേധിച്ചു എന്ന കേസ്(case)എനിക്കറിയില്ല. ഇക്കാര്യം വിളിച്ചോതുന്നത് അദ്ദേഹത്തിന്റെ അറിവ് വളരെ വിശാലമാണെന്നാണ്. അദ്ദേഹം എത്രമാത്രമാണ് നമ്മളെ ഗൗനിക്കുന്നത്.'

ഖലീഫ പറഞ്ഞു: 'അഭയാർഥികൾ ഉത്തരവാദിത്വത്തോടെ പ്രവർത്തിച്ചില്ലെങ്കിൽ അതിന് തിക്തഫലങ്ങളായിരിക്കുമുണ്ടാകുക. ലോകത്തിലെ ഭിന്നിപ്പ് തടയാൻ ഖലീഫ ആഗ്രഹിക്കുന്നു. ഇത് സ്തുത്യർഹമായൊരു കാര്യമാണ്. അദ്ദേഹം നമുക്കൊരു മുന്നറിയിപ്പ് നല്കിയിട്ടുണ്ട്. സമാധാനം സ്ഥാപിക്കുന്നതിന് ഇരുഭാഗത്തുനിന്നും അവരവരുടെ ഉത്തരവാദിത്വം നിറവേറ്റുന്നില്ലെങ്കിൽ ഒരു ചെയിൻ റിയാക്ഷൻ (chain reaction) ഉണ്ടാകാൻ സാധ്യതയുണ്ട്.'

'നിങ്ങളുടെ മാർഗദർശി വളരെ നല്ലൊരു പ്രഭാഷകനാണെന്ന് പറയാനും ഞാൻ ആഗ്രഹിക്കുകയാണ്. എന്നെ പിടിച്ചുകുലക്കുംവിധമുള്ള രീതിയിലായിരുന്നു അദ്ദേഹത്തിന്റെ സംസാരം. നിങ്ങൾ അദ്ദേഹത്തെ Your Holiness എന്ന് പറയുന്നു. എന്നാൽ, ഞാൻ അദ്ദേഹത്തെ പറയുന്നത് Your Highness എന്നാണ്.'

● ഒരു അതിഥി Gunnar Hendrikson തന്റെ ചിന്താഗതികൾ പ്രകടിപ്പിച്ചത് ഈ വാക്കുകളിലാണ്: 'വളരെ നല്ല പരിപാടിയായിരുന്നു. അഭയാർഥി പ്രതിസന്ധിയെ കുറിച്ചുള്ള ഖലീഫയുടെ അഭിപ്രായം അത്യധികം നന്നായിരുന്നു. ഖലീഫ വളരെ യുക്തിപൂർവകമായ കാര്യങ്ങളാണ് പറയുന്നത്. തന്റെ വിവരണത്തിൽ സത്യവാനാണ്. എല്ലാ മുസ്‌ലീംകൾക്കും അവരെ സമാധാനത്തിലേക്കും സത്യത്തിലേക്കും കൊണ്ടുവരാൻ നിങ്ങളുടെ നേതാവിനെപ്പോലുള്ള നേതാവുണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുകയാണ്. വെറും ഒരേയൊരു ചോദ്യമുണ്ട്. നിങ്ങളുടെ സ്ത്രീകളെവിടെ?'

● ഒരു പോലീസ് ഉദ്യോഗസ്ഥൻ Aaron നും ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം തന്റെ ചിന്താഗതികൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഖലീഫയുടെ പ്രഭാഷണം വളരെ ആകർഷണീയമായിരുന്നു. ഇവിടെ സ്വീഡനേയും ബാധിച്ചിരിക്കുന്നുവെന്നും നമ്മളും അപകടങ്ങൾക്ക് വെളിയിലല്ല എന്ന് ഖലീഫ പറഞ്ഞതും ശരിയായ കാര്യമാണ്. ഞാൻ പങ്കെടുത്തിട്ടുള്ള പരിപാടികളിൽ ഏറ്റവും സമാധാനപരമായി നടന്ന പരിപാടിയായിരുന്നു ഇത്. ഇസ്‌ലാമിക നേതാവിന്റെ സമാധാന സന്ദേശം കേൾക്കുന്നതിന് സകല വകുപ്പുകളുമായി ബന്ധം വെക്കുന്ന ആളുകളും സംഘടിച്ചിരുന്നു. ഇവിടെ വരിക എന്നത് ഒരു ഭാഗ്യമായിരുന്നു. കാരണം അദ്ദേഹം ഒരു മഹാനായ നേതാവാണ്.'

'പരസ്പരമുള്ള ഭിന്നതകൾ മറന്ന് പൊതുസമ്മതമായ കാര്യങ്ങളിൽ ചിന്തിക്കേണ്ടതാണെന്ന് ഖലീഫ പറഞ്ഞിരുന്നു. Refugee crisis ഒരു വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. നമുക്ക് പരസ്പരമുള്ള ആദരവ് സ്ഥാപിച്ചുകൊണ്ടുമാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളുവെന്ന് ഖലീഫ പറഞ്ഞിരുന്നു. തീർച്ചയായും ഞാൻ ഇന്ന് ഇസ്‌ലാമിനെക്കുറിച്ച് ധാരാളം പഠിച്ചു.'

● പാർലമെന്റംഗമായ Mr.Valter തന്റെ ചിന്താഗതികൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'എനിക്ക് അഭയാർഥി പ്രതിസന്ധിയെ (Refugee crisis) കുറിച്ച് ഖലീഫ പറഞ്ഞ കാര്യം വളരെ നന്നായിതോന്നി. ഇത് വർത്തമാനകാലത്തെ വിഷയമാണ്. നമുക്ക് ഖലീഫയുടെ അഭിപ്രായം അറിയാൻ കഴിഞ്ഞത് വളരെ നന്നായി. ഇരുഭാഗത്തും ഉത്തരവാദിത്വങ്ങളുണ്ടെന്ന് ഖലീഫ പറഞ്ഞു. സർക്കാറിന്റേയും UN ന്റേയും ഉത്തരവാദിത്വമാണ് അവർ അവരുടെ വലിയ വാഗ്ദാനങ്ങളും mandates കളും പൂർത്തിയാക്കുക എന്നത്. ഖലീഫ പോകുന്നിടത്തെല്ലാം സമാധാനം പ്രചരിപ്പിക്കുന്നു.'

● പാർലമെന്റംഗമായ Mr.Beng തന്റെ ചിന്താഗതികൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ലോകത്തിലെ ഒരു മഹാനായ നേതാവ് സ്വീഡനിൽ വന്നു എന്നത് നമുക്ക് അന്തസാണ്.' അദ്ദേഹം അമീറുൽ മുഅ്മിനീന്റെ പ്രസംഗം ഉദ്ധരിച്ചുകൊണ്ട് പറഞ്ഞു: 'ഇത് മഹാനായ ഒരു വ്യക്തിത്വത്തിന്റെ മഹത്തായ പ്രസംഗമായിരുന്നു. ലോകനേതാക്കൾ സമാധാനത്തിനുവേണ്ടി പരിശ്രമിക്കുകയും തങ്ങളുടെ ജനതകളെ സ്നേഹിക്കുകയും ചെയ്യേണ്ടതാണെന്ന ഖലീഫയുടെ സന്ദേശം സ്വീഡനുവേണ്ടി മാത്രമല്ല. മറിച്ച് മുഴുവൻ യൂറോപ്പിനും എന്നല്ല മുഴുലോകത്തിനുമുള്ളതാണ്. അഭയാർഥികൾ തദ്ദേശ സമൂഹത്തിൽ integrate ആകാൻ ഖലീഫ അഭയാർഥികളോടും പറഞ്ഞു. തീർച്ചയായും ഖലീഫ എനിക്കും എന്റെ പാർലമെന്റ് സുഹൃത്തുക്കൾക്കും ചിന്തിക്കാൻ ഒരുപാട് നല്കി.'

● ഒരു പോലീസുദ്യോഗസ്ഥനായ Jorgen Karlsson തന്റെ ചിന്താഗതികൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'പരിപാടി തുടങ്ങുന്നതിനുമുമ്പേ ഞാൻ സുരക്ഷയെ സംബന്ധിച്ച് ചിന്താകുലനായിരുന്നു. പക്ഷേ, ഇവിടെ വന്നു നോക്കിയപ്പോൾ വളരെ നല്ല സംവിധാനമാണ് ഒരുക്കിയിരുന്നത്.'

അദ്ദേഹം പറഞ്ഞു:'ഖലീഫയുടെ ഈ പരിപാടിയിൽ പങ്കെടുക്കുക എന്നത് എനിക്ക് അഭിമാനാർഹമായ കാര്യമാണ്. നമ്മൾ കടന്നുപൊയ്കൊണ്ടിരിക്കുന്ന ഭയാനകമായ ഇക്കാലത്ത് ഖലീഫയുടെ സന്ദേശത്തിന് വളരെ പ്രാധാന്യമുണ്ട്. സഹതാപത്തിന്റെ പ്രാധാന്യത്തെ കുറിച്ച് നമുക്ക് ബോധം നല്കാൻ കാലത്തിന്റെ ഖലീഫയെ പോലുള്ള വ്യക്തിത്വം നമ്മുടെ ഇടയിലുണ്ടായിരിക്കേണ്ടത് വളരെ അത്യാവശ്യമാണ്.'

● ഒരു അതിഥി തന്റെ ചിന്താഗതികൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഖലീഫയുടെ പ്രസംഗം വളരെ ഗംഭീരമായിരുന്നു. പ്രസംഗം അവസാനിക്കരുതേയെ ന്ന് മനസ്സ് കൊതിച്ചുകൊണ്ടിരുന്നു.'

● ഈ പരിപാടിയിൽ പങ്കെടുത്ത ഒരു സ്വീഡിഷ് വനിത Miss Anna തന്റെ ചിന്താഗതികൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'സത്യം പറയുന്നു എന്ന് വാദിക്കുന്ന ധാരാളമാളുകളുണ്ട്. പക്ഷേ, അവർ പറയുന്ന കാര്യങ്ങൾ കേൾക്കുന്ന നേരത്താണ് നിങ്ങൾക്ക് യാഥാർഥ്യത്തെ കുറിച്ചുള്ള അറിവുണ്ടാകുന്നത്. ഇന്നു വൈകുന്നേരം എനിക്ക് സത്യം മാത്രം കേൾക്കാൻ കിട്ടി.'

● ഒരു അതിഥി തന്റെ ചിന്താഗതികൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'സമാധന സംസ്ഥാപനം ഉദ്ധരിച്ചുകൊണ്ടുള്ള കാര്യങ്ങൾകേട്ട് വളരെ നന്നായി തോന്നി. പ്രത്യേകിച്ചും ഒരു മുസ്‌ലിം നേതാവിൽനിന്നുള്ള സമാധാന സന്ദേശം കേട്ട് വളരെ നല്ലതായി തോന്നി. എല്ലാ മുസ്‌ലീംകളുടേയും ചിന്താഗതികൾ അഹ്മദി മുസ്‌ലീംകളുടേതായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ പ്രതീക്ഷിക്കുന്നത് ഇപ്രകാരം മദ്ധ്യപൂർവദേശങ്ങളിലും ബാക്കി ലോകത്തും സമാധാനം സ്ഥാപിതമാകുമെന്നാണ്.'

● പരിപാടിയിൽ പങ്കെടുത്ത ഒരു സ്വീഡിഷ് അതിഥി തന്റെ ചിന്താഗതികൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഞാൻ വിചാരിക്കുന്നത് ഖലീഫ തന്റെ പ്രസംഗം വളരെ ചിന്തിച്ചും ആലോചിച്ചും പൂർണമായ തയ്യാറെടുപ്പോടുംകൂടി എഴുതിയെന്നാണ്. കാരണം അദ്ദേഹത്തിന് സ്വീഡന്റെ ആഭ്യന്തര അവസ്ഥകൾ നല്ലവണ്ണം അറിയാവുന്നതാണ്. ഇവിടെ സ്വീഡനി ൽ അഭയം തേടിയിരിക്കുന്ന അഭയാർഥികളുടെ പ്രശ്നങ്ങളെ കുറിച്ചുള്ള അദ്ദേഹത്തിന്റെ ചിന്താഗതി ഒറ്റപ്പെട്ടതാണ്. ആ അഭയാർഥികളിലും ചില ഉത്തരവാദിത്വങ്ങളുണ്ടെന്ന് ഖലീഫ പറഞ്ഞു. സ്വീഡിഷ് രാഷ്ട്രീയക്കാർ ഒരിക്കലും പറയാത്ത കാര്യമാണിത്.'

◆

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin